കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

.

# കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:ddlfakkd@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ. കെ.കെ.ഡി പി7/441/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020
ഫോൺ. 0495-2371012
E-mail: ddlfakkd@yahoo.in

തീയ്യതി :29.03.2017

ജോയിന്റ് ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ),കോഴിക്കോട്
3. കാര്യാലയ പകർപ്പ്

കെഎസ്.എ.കെ.കെ.ഡി.പി.7/ 441/2017 തീയതി :29-03-2017.

**കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.15 മുതൽ 31.03.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.ഉണ്ണികൃഷ്ണൻ.പി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2017 മുതൽ 28.02.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.കെ.പി.രത സിംഗ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.ഷൈന.എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കാരാട്ട് അബ്ദുൾ റസാഖ് | 01.04.2015 മുതൽ 31.10.2015 വരെ |
| | സെക്രട്ടറി (ഇൻചാർജ്ജ്) | 01.11.2015 മുതൽ 11.11.2015 വരെ |
| | ശ്രീമതി.സി.ടി.വനജ | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ലൂയിസ് ജോസഫ്.കെ.ജെ. | 01.04.2015 മുതൽ 30.04.2015 വരെ |
| | ശ്രീ.നിബു.ടി.കുര്യൻ. | 01.05.2015 മുതൽ 12.05.2015 വരെ |

| | | |
|---|---|---|
| | ശ്രീ.കമലകാന്ത പൈ.<br>ശ്രീ.നിബു.ടി.കുര്യൻ.<br>ശ്രീ.മുഹമ്മദ്.കെ.ജെ, ജെബി.ഡി.ഒ (ഇൻചാർജ്ജ്)<br>ശ്രീ.സുധാകരൻ.ടി | 13.05.2015 മുതൽ 09.08.2015 വരെ<br>10.08.2015 മുതൽ 11.02.2016 വരെ<br>12.02.2016 മുതൽ 26.02.2016 വരെ<br>27.02.2016 മുതൽ 31.03.2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.എ.എംമാധവൻ<br>ശ്രീ.സാന്റോഷ് കുമാർ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01.04.2015 മുതൽ 17.06.2015 വരെ<br>18.06.2015 മുതൽ 31.03.2016 വരെ |
| ശ്രീ.വിജയ പ്രസാദ്<br>ശ്രീ.പ്രേംകുമാർ.പി.<br>ശ്രീ.ഒ.പി.രാധാകൃഷ്ണൻ | പട്ടിക ജാതി വികസന ഓഫീസർ | 01.04.2015 മുതൽ 15.12.2015 വരെ<br>16.12.2015 മുതൽ 18.03.2016 വരെ<br>19.03.2016 മുതൽ 31.03.2016 വരെ |
| ശ്രീ.ഹരിദാസൻ.സി.<br>ശ്രീ.അബ്ദുൾ റഷീദ്.കെ.പി.<br>ശ്രീ.കേശവനുണ്ണി. | മെഡിക്കൽ ഓഫീസർ<br>താമരശ്ശേരി | 01.04.2015 മുതൽ 23.08.2015 വരെ<br>24.08.2015 മുതൽ 13.10.2015 വരെ<br>14.10.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.ഹൈഫ മൊയ്തീൻ | മെഡിക്കൽ ഓഫീസർ<br>കോടഞ്ചേരി | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.സാമുവൽ റോബർട്ട് ഗഫത് | മെഡിക്കൽ ഓഫീസർ<br>കൊടുവള്ളി | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.മിനി ജോസ് | എ.ഡി.എ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.ശരത്.പി.ഡി. | ഐ.ഇ.ഒ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.ദീപ.ഇ.<br>ശ്രീ.ഷമീർ.എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01.04.2015 മുതൽ 25.02.2016 വരെ<br>26.02.2016 മുതൽ 31.03.2016 വരെ |
| ശ്രീമതി.സുബൈദ.എ.പി. | സി.ഡി.പി.ഒ<br>കൊടുവള്ളി | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.എസ്.സഫീല ബീവി<br>ശ്രീമതി.സുഷ.പി.ടി | സി.ഡി.പി.ഒ<br>ഓമശ്ശേരി (അഡീഷണൽ) | 01.04.2015 മുതൽ 07.02.2016 വരെ<br>08.02.2016 മുതൽ 31.03.2016 വരെ |
| ശ്രീമതി.അർച്ചന ചന്ദ്രൻ<br>ശ്രീ.രമേഷ്.എൻ<br>ശ്രീ.ശ്രീകാന്ത്.എൻ<br>ശ്രീമതി.സ്മിത.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2015 മുതൽ 10.08.2015വരെ<br>11.08.2015 മുതൽ 25.08.2015 വരെ<br>26.08.2015 മുതൽ 04.09.2015 വരെ<br>05.09.2015 മുതൽ 26.10.2015വരെ |

| | | |
|---|---|---|
| ശ്രീമതി.സ്മിത.എം.കെ<br>ശ്രീ.സനിൽ കുമാർ.പി | | 27.10.2015 മുതൽ 04.03.2016 വരെ<br>05.03.2016 മുതൽ 31.03.2016 വരെ |

ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-9 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | മരാമത്ത് പ്രവൃത്തികൾക്ക് ഡെപ്പോസിറ്റായി സ്വീകരിക്കുന്ന തുക അക്കൗണ്ട് ചെയ്യുന്നില്ല. |

| | |
|---|---|
| 2-3 | റെയിൽവേ റിസർവേഷൻ സെന്റർ നടത്തിപ്പ് - കമ്മീഷൻ തുക കുടിശ്ശികയായി. |
| 2-4 | വാടക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തി. |
| 2-5 | സി.എച്ച്.സി. കോടഞ്ചേരി - മുറിച്ചു മാറ്റിയ മരം ലേലം ചെയ്ത് വിൽക്കുന്നത് സംബന്ധിച്ച്. |
| 2-6 | രശീതി സ്റ്റേഷനറികൾ പരിശോധനക്ക് ഹാജരാക്കിയില്ല. |
| 2-7 | രശീതി പുസ്തകങ്ങൾ സ്വകാര്യ പ്രസ്സിൽ നിന്നും അച്ചടിച്ചു - സ്റ്റോക്കിലെടുക്കാതെ വിതരണം ചെയ്തു. |
| 2-8 | അനധികൃത നിർമ്മാണം പൊളിച്ചു മാറ്റിയില്ല. |
| ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ. |
| 3-2 | പ്രൊക്യൂർമെന്റ് മാന്വൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |
| 3-3 | കൈമാറികിട്ടാത്ത സ്ഥാപനങ്ങളിലെ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പദ്ധതി രൂപീകരിച്ച് നടപ്പാക്കി. |
| 3-4 | ദൈനംദിന പ്രവർത്തനങ്ങൾക്ക് റോഡിതര സംരക്ഷണ ഗ്രാന്റ്, വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് പദ്ധതികൾ നടപ്പാലാക്കുന്നു. |
| 3-5 | ബിറ്റുമിൻ പ്രവൃത്തികൾക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് ഉൾപ്പെടുത്തി - പഞ്ചായത്തിന് നഷ്ടം. |
| 3-6 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ - അപാകതകൾ. |
| 3-7 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ. |

| | |
|---|---|
| 3-8 | മൈനർ ഇറിഗേഷന്റെ അധികാര പരിധിയിലുള്ള പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ചെയ്തു. |
| 3-9 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലില്ലാത്ത മേഖലകളിലെ പദ്ധതി പ്രവർത്തനം - പദ്ധതി തുകയുടെ ദുർവിനിയോഗം. |
| 3-10 | റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിനു ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരതയില്ല. |
| 3-11 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരതയില്ലാതെ അധിക കനത്തിൽ ചെയ്തു - പഞ്ചായത്തിന് വൻനഷ്ടം. |
| 3-12 | ബ്ലോക്ക് പഞ്ചായത്തിന്റെ മേഖല ചുമതലകളിൽപെടാത്ത റോഡുകളിൽ പ്രവൃത്തി ചെയ്യുന്നു. |
| 3-13 | ഡി.പി.സി. അംഗീകരിച്ച അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയില്ല – അധിക തുക നൽകി. |
| 3-14 | പഞ്ചായത്ത് രാജ് നിയമങ്ങൾ പാലിക്കാതെ 'ഹാഡ്' മാർക്കറ്റ്. |
| 3-15 | സർക്കാർ അനുമതി ലഭ്യമാക്കാതെ ഉയർന്ന പലിശ നിരക്കിൽ ഭവന പദ്ധതിക്ക് വായ്പയെടുത്തു. |
| 3-16 | സാക്ഷരത പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വക പദ്ധതി. |
| 3-17 | സ്വകാര്യ വ്യക്തികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വക കുടിവെള്ള പൈപ്പ് ലൈൻ. |
| 3-18 | വിപണന മേളക്ക് ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി അലവൻസ്. |
| 3-19 | മേഖല ചുമതലകൾ മറികടന്ന് അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ വാങ്ങി നൽകി. |
| 3-20 | നിയമ വ്യവസ്ഥകൾ പാലിക്കാതെ സാമൂഹ്യക്ഷേമ മേഖലയിൽ പദ്ധതി നടപ്പിലാക്കി. |
| 3-21 | ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിച്ചില്ല. |
| 3-22 | പദ്ധതി ഭേദഗതി ചെയ്യുള്ള ഭരണസമിതി തീരുമാനം നടപ്പിലാക്കിയില്ല. |

| | |
|---|---|
| 3-23 | പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിച്ചില്ല. |
| 3-24 | പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കി. |
| 3-25 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് ഫീൽഡ് ഡയറി അച്ചടിച്ചു. |
| 3-26 | സി.എച്ച്.സി.ദൈനം ദിന പ്രവർത്തനം - പിൻവലിച്ച തുക ആശുപത്രി വികസനഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചില്ല. |
| 3-27 | ഭവന നിർമ്മാണങ്ങൾക്ക് സബ്സിഡി ലഭിച്ചവർ നിർമ്മാണം പൂർത്തീകരിക്കുന്നില്ല. |
| 3-28 | നിർവ്വഹണ ഉദ്യോഗസ്ഥരെ പൂർണ്ണമായും ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നില്ല. |
| 3-29 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക – പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കി. |
| 3-30 | പട്ടികവർഗ്ഗ കോളനികളിൽ സൗരോർജ്ജ റാന്തൽ സ്ഥാപിക്കുന്നതിന് അനർട്ടിൽ തുക നിക്ഷേപിച്ചെങ്കിലും പദ്ധതി നടപ്പാക്കിയില്ല. |
| 3-31 | നിർമ്മൽ പുരസ്കാര തുക വിനിയോഗിക്കാതെ മുതനിക്ഷേപമായി സൂക്ഷിക്കുന്നു. |
| 3-32 | ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലം സർക്കാർ അനുമതിയില്ലാതെ ആഭ്യന്തര വകുപ്പിന് കൈമാറി. |
| 3-33 | നിയമവിരുദ്ധമായി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു. |
| 3-34 | പത്രപരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു. |
| 3-35 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല. |

ഭാഗം 4

| | |
|---|---|
| | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം.1/ 2015-16തിയ്യതി :18-03-15 | 1/16, 22.03.2016 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പുതുക്കിയത് ഭരണസമിതി അംഗീകരിച്ചിട്ടില്ല |
| മുന്നിരിപ്പ് 1 7272775 | 17272775 |
| വരവ് 401606078 | 363714693 |
| ആകെ അടങ്കൽ വരവ് 418878853 | 380987468 |
| ആകെ അടങ്കൽ ചെലവ് 371988565 | 330967500 |

| | |
|---|---|
| നീക്കിയിരിപ്പ് 46890288 | 50019968 |

ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ഭാഗം 3, ഖണ്ഡിക നം ആയി ഈ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28-07-2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട്ടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34565234 |
| വരവ് | 185922219 |
| ആകെ | 220487453 |
| ചെലവ് | 165092024 |
| നീക്കിയിരിപ്പ് | 55395429 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14270780 | 42611217 | 56881997 | 56881997 |
| വികസന ഫണ്ട്(എസ്.സി.പി) | 5847341 | 7899355 | 13746696 | 13746696 |
| വികസന ഫണ്ട്(ടി.എസ്.പി) | 330234 | 1763766 | 2094000 | 2094000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 207299 | 3603979 | 3811278 | 3811278 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 9427825 | 124342362 | 133770187 | 82862481 |
| ലോൺ | 5791 | 500324 | 506115 | 500000 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 150 | 120 | 0 | 30 | 80% |

## 1-7 <u>തനത് വരുമാനം.</u>

ഓഡിറ്റ് വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 4428000 | 3060650 | 1367350 | 30% (-) |

## 1-8 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-02-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5207/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 <u>സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.2015 മുതൽ 18.12.2015 വരെ | 30.06.2015 മുതൽ 14.12.2015 വരെ | 70/DPA/15/KKD, 01.01.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2015 മുതൽ 28.02.2015 വരെ | 2009-10 മുതൽ 2013-14 വരെ | L.B.A. (HQ)VI/8A-2284/175 25.05.2015 |

# ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 <u>വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ</u>

2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) സമർപ്പിച്ച വാർഷിക കണക്കിലെ നീക്കിയിരിപ്പ് ചെക്ക് ഇഷ്യൂരജിസ്റ്ററിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| അക്കൗണ്ട് വിവരം | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് | ചെക്ക് ഇഷ്യൂ റജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|
| TSC – 40269101002485 | 3888087 | 3885861 | 2226 |
| IAY General-10610116145 | 28847905 | 28812905 | 35000 |

2) മരാമത്ത് പ്രവർത്തികളിൽ കരാറുകാരിൽ നിന്ന് വാങ്ങുന്ന നിക്ഷേപങ്ങൾക്ക് രശീതി നൽകുകയോ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കുകയോ ചെയ്യിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള വരവ്, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4) ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തീയതി വരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ബാലൻസിലുൾപ്പെടുത്തിയിട്ടില്ല.

5) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകൾ പ്രതിഫലിക്കുന്നില്ല.

6)ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ തുകഅക്കൗണ്ടിൽ വരവ് വെച്ച തിയ്യതി രേഖപ്പെടുത്തുന്നില്ല.

7)ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

8) IWMP (34245500376) അക്കൗണ്ടിൽ വാർഷിക കണക്ക് പ്രകാരം 878055 രൂപയാണ് നീക്കിയിരിപ്പുള്ളത്. ബാങ്ക് പാസ്ബുക്ക് പ്രകാരം 1529005 രൂപ നീക്കിയിരിപ്പുണ്ട്. 650950 രൂപയുടെ വ്യത്യാസം റിക്കൺസിൽ ചെയ്യത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 മരാമത്ത് പ്രവൃത്തികൾക്ക് ഡപ്പോസിറ്റായി സ്വീകരിക്കുന്ന തുക അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ, ചട്ടം 19 പ്രകാരം ഔദ്യോഗിക നിലയിൽ പഞ്ചായത്തിലെ ഏതൊരു ഉദ്യോഗസ്ഥന്റെയും ഉത്തരവാദിത്വത്തിൽ നടന്ന ഏത് പണമിടപാടും, യാതൊരു വീഴ്ചയുമില്ലാതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. ചട്ട. 23 പ്രകാരം ക്യാഷ്, മണിയോഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുക 500/- രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്, ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ചട്ടം 24(1) പ്രകാരം ലഭിച്ച തുക അക്കൗണ്ട് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിദിന സ്റ്റേറ്റ്മെന്റ് ക്യാഷ്യർ തയ്യാറാക്കേണ്ടതും അക്കൗണ്ടന്റിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 24(2) പ്രകാരം ലഭിച്ച തുക സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ അന്നു തന്നെ രസീത് വൗച്ചർ വഴി അക്കൗണ്ട് ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന സ്വീകരിക്കുന്ന ഡപ്പോസിറ്റുകൾ അക്കൗണ്ട് ചെയ്യപ്പെടാതെ നിലവിലും ബന്ധപ്പെട്ട ഫയലുകളിൽ തന്നെ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. 2015-16കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ കരാറുകാർ സമർപ്പിച്ച് സെക്യൂരിറ്റി തുക 15,97,510/- പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ സ്വീകരിക്കുന്ന ഡപ്പോസിറ്റുകൾ അക്കൗണ്ട് ചെയ്യപ്പെടാതെ സൂക്ഷിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-3 റെയിൽവേ റിസർവേഷൻ സെന്റർ നടത്തിപ്പ് - കമ്മീഷൻ തുക കുടിശ്ശികയായി

ബഹു പാർലമെന്റ് അംഗങ്ങളുടെ നിയോജക മണ്ഡല പ്രദേശങ്ങളിൽ റെയിൽവേ പാസഞ്ചർ റിസർവേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി (M.P.s 1000 Location Scheme in Non Rail Location Areas) പ്രകാരം കൊടുവള്ളി പ്രദേശത്തിന് അനുവദിച്ച കിട്ടിയ സെന്ററിന്റെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരമായിരുന്നു. സെന്ററിനായി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള കെട്ടിടം വാടകയില്ലാതെ അനുവദിച്ചു. സെന്റർ മുഖാന്തിരം റിസർവ് ചെയ്യുന്ന ടിക്കറ്റ് നിരക്കിന്റെ 2% തുക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കും. മേൽ തുക വിനിയോഗിച്ച് ബ്ലോക്ക്പഞ്ചായത്ത് സെന്ററിൽ നിയമിച്ച ജീവനക്കാരുടെ വേതനം, മറ്റ് പ്രവർത്തന ചെലവുകൾ എന്നിവ നടത്തണം. 04.05.2013 ന് പ്രവർത്തനം ആരംഭിച്ച സെന്ററിൽ 2 പേരെ ഭരണസമിതി തെരഞ്ഞെടുത്ത് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. ദിവസ വേതനം ലഭിക്കുന്നത് കുറവായതിനാൽ പ്രസ്തുത ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന കമ്മീഷൻ തുകയിൽ നിന്നും 30% കമ്മീഷൻ പ്രതിമാസം നൽകുവാൻ

30.04.2016 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ച [നം.181 (7)]. പ്രസ്തുത ജീവനക്കാർ ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയുടെ കൃത്യത എല്ലാ ദിവസവും സെക്ഷൻ ക്ലാർക്ക് (എ - സെക്ഷൻ) വനിതക്ഷേമ ഓഫീസർ/സെക്രട്ടറി എന്നിവരെ ബോദ്ധ്യപ്പെടുത്തുകയും, തുടർന്ന് തുക റെയിൽവേയുടെ അക്കൗണ്ടിൽ ബാങ്കിൽ അടവാക്കേണ്ടതും റെയിൽവേ നിർദ്ദേശിക്കുന്ന പ്രകാരം അതത് ദിവസത്തെ സ്റ്റേറ്റ്മെന്റ് പരിശോധനക്കായി നൽകേണ്ടതുമാണ്. റെയിൽവേ വിഭാഗം പരിശോധന നടത്തിയതിനു ശേഷമാണ് ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കേണ്ട കമ്മീഷൻ തുക നൽകു.

റിസർവേഷൻ സെന്റർ മുഖാന്തിരം ഓഡിറ്റ് വർഷത്തിൽ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും 2015 ആഗസ്റ്റ് മാസം മുതൽ 2016 മാർച്ച് 14 വരെയുള്ള ദിവസങ്ങളിൽ നടത്തിയ ടിക്കറ്റ് വിൽപ്പനയിലെ കമ്മീഷൻ തുക ലഭ്യമായിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | കമ്മീഷൻ തുക |
|---|---|---|
| 1 | ആഗസ്റ്റ് 2015 | 88,546 |
| 2 | സെപ്റ്റംബർ 2015 | 97,895 |
| 3 | ഒക്ടോബർ 2015 | 79,237 |
| 4 | നവംബർ 2015 | 76,074 |
| 5 | ഡിസംബർ 2015 | 72,130 |
| 6 | ജനുവരി 2016 | 94,029 |
| 7 | ഫെബ്രുവരി 2016 | 93,735 |
| 8 | മാർച്ച് 2016 (upto 14.03.2016) | 50,376 |
| | | 6,52,022 |

റെയിൽവേ വിഭാഗം ആവശ്യപ്പെട്ടത് പ്രകാരം കൃത്യമായ ഇടവേളകളിൽ സ്റ്റേറ്റ്മെന്റ് നൽകാഞ്ഞതിനാലാണ് മേൽ വിവരിച്ച കമ്മീഷൻ തുക കുടിശ്ശികയായത്. മേൽ വീഴ്ചക്ക് ദിവസവേതന ജീവനക്കാരെപോലെ തന്നെ പരിശോധനക്ക് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും ഉത്തരവാദികളാണ്. പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയ തുക റെയിൽവേ വിഭാഗത്തിൽ നിന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നഷ്ടതുകയുടെ ഉത്തരവാദിത്വം സെക്ഷൻ ക്ലാർക്ക്, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നിവരിൽ ചുമത്തി ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും.

## 2-4 വാടക പിരിച്ചെടുക്കുന്നതിൽ വീഴ്ച

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ പെട്ടിക്കട, മിൽമബൂത്ത് എന്നിവ കച്ചവടം നടത്തുന്നതിനായി ലേലത്തിൽ നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) വാടക മുഴുവൻ പിരിച്ചെടുത്തില്ല

വാടകയിനത്തിൽ തൻവർഷം കിട്ടേണ്ടിയിരുന്ന തുക മുഴുവൻ പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ

| ലൈസൻസിയുടെ പേര് | കിട്ടേണ്ട തുക | പിരിച്ചെടുത്ത തുക | കുറവ് |
|---|---|---|---|
| മിൽമ ബൂത്ത്, ശ്രീമതി.സരോജിനി ചന്ദ്രൻ | 23400 (1950X12) | 13650 | 9750 |
| പെട്ടിക്കട ശ്രീമതി .ഗീത | 18000(1500X12) | 16500 | 1500 |
| | | ആകെ കുറവ് | 11250 |

2) കരാർ പുതുക്കിയില്ല

പെട്ടിക്കട നടത്തുന്ന ശ്രീമതി.ഗീത എന്ന ലൈസൻസിയുടെ കരാർ കാലാവധി 25-09-2015 അവസാനിച്ചിട്ടുണ്ട്. ആയത് പുതുക്കി നൽകിയിട്ടില്ല.

3)ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം. 28/2015-16).വാടകയിനത്തിൽ കുടിശ്ശികയായ തുക വാടക്കകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 സി.എച്ച്.സി കോടഞ്ചേരി , മുറിച്ചു മാറ്റിയമരം ലേലം ചെയ്ത് വിൽക്കുന്നത് സംമ്പന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ , സി.എച്ച്.സി , കോടഞ്ചേരി

പ്രോജക്ട് നമ്പർ എസ്.ഓ. 153/15-16 , സി.എച്ച്.സിയിലെ ദൈനംദിന പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ സി.എച്ച്.സി യിലെ വളപ്പിൽ കേടായിനിന്ന മരങ്ങൾ മുറിച്ചുമാറ്റിയ വകയിൽ 2500രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.03/15-16 dt, 30-01-16/33025/-) ഈ മരങ്ങൾ ലേലം ചെയ്ത് വിറ്റതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (26/2015-16) നൽകിയിരുന്നു ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-6 രശീതി സ്റ്റേഷനറികൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിലെ രശീതി വരവുകൾ പരിശോധിച്ചപ്പോൾ രശീതികൾ അച്ചടിക്കാനായി

സ്റ്റോക്കിൽ എടുത്ത 1313695, 1313696 എന്നീ നമ്പറുകളിലുള്ള സ്റ്റേഷനറികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (27/2015-16) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-7 രശീതി പുസ്തകങ്ങൾ സ്വകാര്യ പ്രസിൽ നിന്ന് സ്വന്തമായി അച്ചടിച്ച് സ്റ്റോക്കിലെടുക്കാതെ വിതരണം ചെയ്തു

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ എസ്. ഒ.152/15-16 നമ്പറിലുള്ള HADA (Hill Area Development Agency) പദ്ധതിയിലെ പച്ചക്കറി പഴവർഗ്ഗ വികസന പദ്ധതിയിൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട് . ആയതിന്റെ രശീതി പുസ്തകങ്ങൾ പരിശോധിച്ചു. ഈ പദ്ധതിയിലേയ്ക്കായി 30 രശീതി പുസ്തകങ്ങൾ ബ്ലോക്ക് പഞ്ചായത്ത് അച്ചടിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഈ രശീതി പുസ്തകങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് നൽകിയിട്ടുള്ളത് . ആയത് സംബന്ധിച്ച് പരിശോധന നടത്തിയതിൽ ഈ രശീതികൾ 2013 ൽ സെക്രട്ടറി " ഓസ്കാർ ഓഫ് സെറ്റ് പ്രസ്സ്" കൊടുവള്ളി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്ന് അച്ചടിച്ച് നൽകിയിട്ടുള്ളതാണ്. (ചെക്ക് നമ്പർ 2187605 , തിയ്യതി 27-09-2013) . 50 പേജുള്ള ഈ രശീതി പുസ്തകങ്ങളിൽ GLM 18Q/06 എന്ന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ എംബ്ലം രശീതിയുടെ താഴെ ഇടതു ഭാഗത്ത് അച്ചടിച്ചിട്ടുണ്ട്.

രശീതികൾ അച്ചടിയ്ക്കേണ്ടത് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നാണെന്ന ഉത്തരവ് പാലിയ്ക്കാത്തതിനും അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരം രശീതി ബുക്കുകൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (19/2015-16) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-8 അനധികൃത നിർമ്മാണം പൊളിച്ചുമാറ്റിയില്ല

മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ മിൽമബൂത്ത് കാന്റീൻ എന്നിവ നടത്തുന്നതിനായി ശ്രീമതി. സരോജിനി ചന്ദ്രൻ എന്നവർക്ക് 27-09-12 ലെ 50(6)/2012-13 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അനുവാദം നൽകിയിട്ടുണ്ട്. 25-11-14 ലെ 228(3)/14-15 നമ്പർ തീരുമാന പ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെടുമ്പോൾ നീക്കം ചെയ്യാമെന്ന വ്യവസ്ഥയിൽ ഒരു താൽക്കാലിക ഷെഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ താൽക്കാലിക ഷെഡിന് പകരം ഹോളോബ്രിക്സ് ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട് .19-01-2015ന്

അനധികൃതമായി നിർമ്മിച്ച ഈ റൂം പൊളിച്ചു മാറ്റുന്നതിനും. ചുമരിന്റെ ഭാഗം പോളിച്ച് വാതിൽ പൂർവ്വ സ്ഥിതിയിലാക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.എന്നാൽ ഈ ഉത്തരവ് പാലിച്ചതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (40/2015-16) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

2015-16സാമ്പത്തിക വർഷത്തെ ബജറ്റ് 18.03.2015 ലെ ഭരണസമിതി യോഗത്തിലും (തീരുമാനം നം.1/15) . ബജറ്റ് തയ്യാറാക്കിയതിലേയും, ഭരണസമിതി അംഗീകരിച്ചതിന്റേയും നടപടിക്രമങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) പുതുക്കിയ ബജറ്റ് ഭരണ സമിതി അംഗീകരിച്ചില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 214 (5) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബജറ്റ് തയ്യാറാക്കി, പഞ്ചായത്ത് ഭരണസമിതി മുമ്പാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ 22.03.2016 ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും ഭരണസമിതി യോഗത്തിൽ 2015-16 വർഷത്തിലെ പുതുക്കിയ ബജറ്റ് പാസാക്കിയിട്ടില്ല.

2) ബജറ്റ് യാഥാർത്ഥ്യ ബോധമില്ലാതെ തയ്യാറാക്കുന്നു

2015-16 വർഷത്തേയ്ക്ക് തയ്യാറാക്കിയിട്ടുള്ള ബജറ്റ് യഥാർത്ഥ വരവു ചെലവ് കണക്കുകളുമായി പൊരുത്തമില്ലാത്തവയാണ്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 18.03.2015 ലെ ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,72,72,775 | 3,45,65,234 |
| തൻവർഷ വരവ് | 40,16,06,078 | 18,59,22,219 |
| ആകെ വരവ് | 41,88,78,853 | 22,04,87,453 |

| | | |
|---|---|---|
| ആകെ ചെലവ് | 37,19,88,565 | 16,50,92,024 |
| നിക്കിയിരിപ്പ് | 4,68,90,288 | 5,53,95,429 |

വാർഷിക കണക്കുകളിലെ വരവ് ചെലവ്, ബജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ഇതിൽ നിന്നും വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ ബ്ലോക്ക് പഞ്ചായത്തിലെ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവിധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട അടിസ്ഥാന തത്ത്വങ്ങൾ പാലിച്ച് നിയമാനുസൃതമായ നടപടികളിലൂടെ ഭരണസമിതി മുൻപാകെ അവതരിപ്പിച്ച് അംഗീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (20/2015-16) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 പ്രൊക്യൂർമെന്റ് മാന്വൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും, പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും സുതാര്യത നിലനിർത്തുന്നതിനും, ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 08.11.2010ലെ(പി) 259/2010/ത.സ്വ.ഭ.വ നമ്പരായി സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ മേൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾ, മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള വാങ്ങലുകൾ തുടങ്ങിയവ നടപ്പാക്കുന്നത്.

2010-11 സാമ്പത്തിക വർഷത്തിൽ തന്നെ മാർഗ്ഗരേഖ പ്രാബല്യത്തിൽ വന്നെങ്കിലും ഓഡിറ്റ് കാലയളവിലും മേൽ മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമുള്ള അനിവാര്യ വിഭാഗങ്ങളെ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. ഇതു കാരണം പ്രൊക്യൂർമെന്റ് മാന്വൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള കാര്യക്ഷമതയിലും, സുതാര്യതയിലും, ലക്ഷ്യത്തിലുമുള്ള ഒരു സാമ്പത്തിക മിതത്വത്തിൽ ഊന്നിയുള്ള വാങ്ങൽ പ്രക്രിയയും, പ്രവൃത്തികളുടെ നിർവ്വഹണവും പ്രാബല്യത്തിൽ വരുത്തുവാൻ പഞ്ചായത്തിന് സാധിക്കാതെ വരികയും പല പർച്ചേസുകൾക്കും ഉയർന്ന നിരക്ക് നൽകേണ്ടിയും വന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി പേര്, നം | ഇനം | യൂണിറ്റ് വില (നികുതി ഉൾപ്പടെ) |
|---|---|---|---|---|
| 1 | സി.ഡി.പി.ഒ, കൊടുവള്ളി | സ്മാർട്ട് അങ്കണവാടി, 171/15-16 | ഏസർ (Desk Top Computer) | 27,500 |
| 2 | | ഐ.സി.ഡി.എസ് ഓഫീസിലെ ദൈനം ദിന ചെലവുകൾ, 104/15-16 | ഏസർ ലാപ് ടോപ് | 31,700 |
| 3 | സി.ഡി.പി.ഒ, ഓമശ്ശേരി | -ടി- 110/15-16 | | 36,800 |

മാർഗ്ഗരേഖ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതർക്ക് വന്ന മറ്റ് വീഴ്ചകൾ താഴെ പറയുന്നു.

1. സാധനങ്ങളുടേയും, സേവനങ്ങളുടേയും വാർഷികാവശ്യം തിരിച്ചറിഞ്ഞ് ചർച്ച ചെയ്യേണ്ടത് ടെക്നിക്കൽ കമ്മിറ്റികളാണ്. മാർഗ്ഗരേഖ പ്രകാരം ടെക്നിക്കൽ കമ്മിറ്റികൾ വിവിധ കർമ്മ സമിതികളാണെങ്കിലും അവയെ ടെക്നിക്കൽ കമ്മിറ്റികളായി പരിഗണിച്ച് ഉത്തരവാദിത്തങ്ങൾ ഏൽപ്പിച്ചു നൽകിയില്ല.
2. സമാഹരണ സൈക്കിൾ - നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല – മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന രീതിയിൽ വർഷാരംഭത്തിൽ തന്നെ ടെക്നിക്കൽ ടീമുകൾ നൽകുന്ന റിക്വസിഷനുകൾ അടിസ്ഥാനമാക്കി ആവശ്യമായ സാധനങ്ങൾ, സേവനങ്ങൾ, പ്രവൃത്തികൾ എന്നിവ എത്രത്തോളമുണ്ടെന്ന് തിട്ടപ്പെടുത്തിയും, ആവശ്യം തിരിച്ചറിഞ്ഞും, സ്പെസിഫിക്കേഷൻ ഉണ്ടാക്കിയും, എസ്റ്റിമേറ്റ് തയ്യാറാക്കി, ആവശ്യമായ ബജറ്റ് പ്രൊവിഷൻ ഉണ്ടെന്ന് ഉറപ്പ് വരുത്തി, അവ വാങ്ങുന്നതിനുള്ള രീതിശാസ്ത്രം ഏതെന്ന് വ്യക്തമാക്കി കൊണ്ടുള്ള അനുമതി വാങ്ങുന്ന നടപടിക്രമങ്ങൾ പാലിക്കുന്നില്ല.
3. സ്ഥാപനത്തിന്റെ വാങ്ങലുകൾക്ക് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട പർച്ചേസിംഗ് ടീം, ഫിനാൻസ് ടീം എന്നിവ രൂപീകരിച്ചിട്ടില്ല.
4. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി - ഒരു തദ്ദേശ ഭരണ സ്ഥാപനത്തിൽ പൊതുജനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്നതിനു വേണ്ടി ലഭ്യമായ പൊതു വിഭവങ്ങൾ വിനിയോഗിക്കുമ്പോൾ, അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ വർദ്ധിച്ച കാര്യക്ഷമതയും ഗുണഫലവും ഉറപ്പാക്കണം. തദ്ദേശ

ഭരണ കൂടത്തിന് അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാൻ എത്രത്തോളം പ്രവർത്തിക്കാമെന്ന് സ്ഥിരമായ മേൽനോട്ടം നടത്തുന്നതിനും ക്രിയാത്മക ജനകീയ ഇടപെടലുകൾ നടത്തുവാനും വേണ്ടിയാണ് സോഷ്യൽ ഓഡിറ്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് മേൽ മാർഗ്ഗരേഖയിലൂടെ സർക്കാർ നിഷ്കർഷിച്ചത്. ഈ നിയന്ത്രണ സംവിധാനം നടപ്പാക്കുന്നതിലൂടെ സാമൂഹ്യ കണക്കെടുപ്പ്, ഭൗതിക പരിശോധന, പദ്ധതി നിർവ്വഹണത്തിലെ സുതാര്യത, പദ്ധതി നടത്തിപ്പിലെ പരാതികളുടെ പരിഹാരം (തുറന്ന വേദിയിൽ) എന്നിങ്ങനെ അധികാര വികേന്ദ്രീകരണത്തിലെ നിലവിലെ പോരായ്മകൾക്ക് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിക്കുകയും ചെയ്യും. അതുവഴി ഉരുത്തിരിയുന്ന ആശയങ്ങളും അഭിപ്രായങ്ങളും ഭാവിയിലെ പ്രവർത്തനങ്ങളുടെ നയരൂപീകരണത്തിന് സഹായകമാകുകയും ചെയ്യും. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും പഞ്ചായത്തിൽ സർക്കാർ നിർദ്ദേശിച്ച തരത്തിലുള്ള സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

- 5,000/- രൂപയ്ക്കു മുകളിൽ 24,999/- രൂപ വരെ വരുന്ന വാങ്ങലുകളുടെ അറിയിപ്പ് വെബ്സൈറ്റിൽ ലഭ്യമാക്കുക, 25,000/- രൂപയ്ക്ക് മുകളിൽ 99,999/- വരെയുള്ള ലിമിറ്റഡ് ടെണ്ടറുകൾ വാങ്ങേണ്ട കാര്യത്തിൽ വിതരണക്കാരുടെ ഒരു പത്രിക സൂക്ഷിക്കുക, ഒരു ലക്ഷത്തിനു മുകളിൽ മതിപ്പ് വിലയുള്ള വാങ്ങലുകളുടെ കാര്യത്തിൽ വ്യാപകമായി പ്രചാരമുള്ള ഇംഗ്ലീഷ് പത്രത്തിൽ പരസ്യം ചെയ്യുക എന്നിങ്ങനെ പർച്ചേയ്സുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ അനിവാര്യ നിബന്ധനകൾ പാലിച്ചില്ല.
- ഓഡിറ്റ് വർഷത്തിലെ വാങ്ങലുകൾ അതാതു മേഖലകളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ നിർവ്വഹിച്ചതിനാൽ, ഇതു സംബന്ധിച്ച രേഖകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും വിധം ഒരുമിച്ച് കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്തിലേക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-3 കൈമാറികിട്ടാത്ത സ്ഥാപനത്തിലെ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കി.

പദ്ധതി പേര് - ഐ.സി.ഡി.എസ്. ഓഫീസിലെ ദൈനംദിന ചെലവുകൾ,

പദ്ധതി നം - 104/16 (നിർവ്വഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ, കൊടുവള്ളി).

അടങ്കൽ തുക – 45,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക – 45,000/- [ബിൽ നം.3/15-16, 28.12.2015 (42,821/-), 4/15-16, 22.02.2016 (2,179/-))

പദ്ധതി നം - 110/16 (നിർവ്വഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ, ഓമശ്ശേരി).

അടങ്കൽ തുക – 40,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക – 36,800/- [ബിൽ നം.4/15-16, 09.03.2016 ]

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമ മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിനായി കൈമാറികിട്ടിയ ഉദ്യോഗസ്ഥരുടെ (ശിശു വികസന പദ്ധതി ഓഫീസ്)കാര്യാലയങ്ങളുടെ ദൈനംദിനം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലൂടെ മേൽ വിവരിച്ച ബില്ലുകൾ മുഖേന 81,800/- രൂപ ചെലവഴിച്ച് സി.ഡി.പി.ഒ ഓഫീസുകളിലെ താഴെ പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | ചെലവ് തുക | ഇനം | ചെലവ് തുക |
|---|---|---|---|---|
| പദ്ധതി നം.104/16 | | | പദ്ധതി നം.110/16 | |
| 1 | വൈദ്യുതി ചാർജ്ജ് | 6,724 | ഏസർ ലാപ് ടോപ് | 36,800 |
| 2 | ഏസർ ലാപ് ടോപ് | 31,700 | | |
| 3 | ഡ്രം & ബ്ലേഡ് റീപ്ലേസിംഗ് | 4,000 | | |
| 4 | പ്രിന്റർ റീഫിൽ & ചിപ്പ് ചേഞ്ച് | 1,200 | | |
| 5 | കംപ്യൂട്ടർ സർവ്വീസിംഗ് ചാർജ്ജ് | 800 | | |
| 6 | സോഫ്റ്റ് വെയർ ഇൻസ്റ്റാളിംഗ് | 500 | | |
| 7 | ഡി.ടി.പി. | 76 | | |
| | ആകെ | 45,000 | | 36,800 |

<u>പദ്ധതി പേര്, നം - പട്ടികജാതി വികസന ഓഫീസിലെ ദൈനംദിന ചെലവുകളും ഫോട്ടോസ്റ്റാറ്റ് മെഷീനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, 101/16</u>

അടങ്കൽ തുക – 1,00,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക – 31,519/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പട്ടികജാതി വിഭാഗക്കാരുടെ വികസനവുമായി ബന്ധപ്പെട്ട് കൈമാറികിട്ടിയ ഉദ്യോഗസ്ഥന്റെ കാര്യാലയത്തിലെ ഓഫീസ് ചെലവുകൾ നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലൂടെ താഴെ വിവരിച്ച ബില്ലുകൾ മുഖേന 31,519/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം, തീയ്യതി | ചെലവ് തുക |
|---|---|
| 3/15-16, 16.10.2015 | 2,069 |
| 4/15-16, 29.10.2015 | 12,004 |
| 5/15-16, 30.11.2015 | 6,987 |
| 7/15-16, 16.02.2016 | 7,266 |
| 8/15-16, 22.02.2016 | 1,660 |
| 9/15-16, 31.03.2016 | 1,533 |
| ആകെ | 31,519 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. 30.11.1996ലെ (പി)37/96/ സാ.ക്ഷേ.വ, നമ്പർ ഉത്തരവിലൂടെ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണും, 26.06.1998 ലെ (പി) 20/98/സാ.ക്ഷേ.വ നമ്പർ ഉത്തരവിലൂടെ ഐ.സി.ഡി.എസ്, യു.എസ്.എൻ.പി. പ്രോജക്ടുകളിലെ പ്രത്യേക പോഷകാഹാര പരിപാടി ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് കൈമാറിയത് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലൊന്നും ശിശുവികസന ഓഫീസറുടെ കാര്യാലയം ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറി കൊടുത്തിട്ടില്ല.

2. 05.12.1995 ലെ (സാധാ)537/95/പ.ജ.പ.വ.വി.വ, 22.12.1995 ലെ (സാധാ)566/95/ പ.ജ.പ.വ.വി.വ നമ്പർ ഉത്തരവുകളിലൂടെ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലൊന്നും പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയം ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറി കൊടുത്തിട്ടില്ല. സർക്കാർ കൈമാറി നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്ക് സംരക്ഷണഗ്രാന്റ് (റോഡിതരം) വിനിയോഗിച്ചതിന് ആധികാരികതയില്ല.

3. 16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. 7(iii) പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, (വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് തുടങ്ങിയവക്കുള്ള തുക അടയ്ക്കൽ) അടിയന്തിര പ്രവൃത്തികൾ തുടങ്ങിയവക്കും മറ്റും വേണ്ടി വരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെക്കണം. പ്രസ്തുത ചെലവുകൾക്ക് പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടതില്ല. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണപ്രവൃത്തികൾക്കായി സർക്കാർ അനുവദിച്ച സംരക്ഷണഗ്രാന്റ് (റോഡിതരം) കൈമാറികിട്ടാത്ത സ്ഥാപനത്തിന്റെ വൈദ്യുതി ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വിനിയോഗിച്ചു.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വികസനേതര ചെലവുകൾക്ക് പദ്ധതി രൂപീകരിച്ച് സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവഴിച്ച തുക പദ്ധതി തയ്യാറാക്കിയ ഉദ്യോസ്ഥരിൽ നിന്നും തിരികെ ഈടാക്കുകയോ, ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് തുക 1,13,319/- രൂപ (45,000 + 36,800 + 31,519)നിരാകരിക്കുന്നു.

## 3-4 ദൈനംദിന പ്രവർത്തനങ്ങൾക്ക് റോഡിതര സംരക്ഷണ ഗ്രാന്റ് വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നു.

2015-16 വർഷത്തിൽ വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, തുടങ്ങിയ ദൈനംദിന ആവശ്യങ്ങൾക്കാണ് താഴെ കാണിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് വിശദാംശങ്ങൾ | ബിൽ നമ്പർ,തിയ്യതി | തുക |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ , സി.എച്ച്.സി , കൊടുവള്ളി പ്രോജക്റ്റ് നമ്പർ : എസ്.ഓ. 106/15-16 അടങ്കൽ :1,50,000/- ചെലവ് തുക : 146425/- | 1/18-11-15 | 45463 |
| | 02/25-02-16 | 75240 |
| | 03/31-03-16 | 25722 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ,താലൂക്ക് | 01/18-08-15 | 200000 |

| | | |
|---|---|---|
| ആശുപത്രി താമരശ്ശേരി<br>പ്രോജക്റ്റ് നമ്പർ : എസ്.ഓ. 17/15-16<br>അടങ്കൽ :8,00,000/-<br>ചെലവ് തുക : 1673199<br>(462790/-(വികസന ഫണ്ട്)210409/-(റോഡിതര സംരക്ഷണ ഗ്രാന്റ്) | 02/20-09-15 | 567431 |
| | 03/31-03-16 | 442978 |
| | 05/31-03-16 | 50000 |
| | 07/31-03-16 | 412790 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി കോടഞ്ചേരി<br>പ്രോജക്റ്റ് നമ്പർ : എസ്.ഓ. 153/15-16<br>അടങ്കൽ :2,00,000/-<br>ചെലവ് തുക : 184337/- | 2/31-12-15 | 82065 |
| | 03/30-01-16 | 33025 |
| | 04/12-01-16 | 58747 |
| | 05/12-01-16 | 10500 |
| ആകെ | | 2003961 |

1) ജി.ഒ(എം.എസ്) 362/2013/ത.സ്വ.ഭ.വ തിയതി: 16-11-13 നം പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 4 പ്രകാരം ഒരു തദ്ദേശ സ്ഥാപനം അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി വരുന്ന ചെലവുകൾ ആവർത്തന സ്വഭാവമുള്ള ചെലവുകൾ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ , കണ്ടിജന്റ് ചെലവുകൾ, അസാധാരണ ചെലവുകൾ എന്നിവ പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നുണ്ട്.

2) ജി.ഒ.(എം.എസ്) 330/2004/ത.സ്വ.ഭ.വ തിയതി: 09-12-2004 ഉത്തരവ് പ്രകാരം പൊതു ആവശ്യ ഗ്രാന്റ് കൈമാറിക്കിട്ടിയവ ഉൾപ്പെടെ തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ടെലഫോൺ ചാർജ് , വൈദ്യുതി ചാർജ് , സ്റ്റേഷനറി മുതലായ ചുമതലപ്പെട്ട ചെലവുകൾക്കായിരിക്കണം ഒന്നാമത്തെ മുൻഗണന നൽകേണ്ടത്. പൊതു ആവശ്യ ഗ്രാന്റ് ഉണ്ടായിട്ടും ചെലവഴിക്കാതെ വികസന ഫണ്ടും മെയിന്റനൻസ് ഗ്രാന്റും വിനിയോഗിച്ച് ദൈനംദിനചെലവുകൾക്ക് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചതിനുള്ള കാരണം വ്യക്തമല്ല.

3) മേൽ തുകകൾ ആശുപത്രി വികസന ഫണ്ടിൽ നിന്ന് വിനിയോഗിക്കുകയും ബിൽ മാറിയ ശേഷം ടി അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 2010 ലെ പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിങ്ങ് കമ്മറ്റി) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾ വൈദ്യുതീകരണം മുതലായ ആശുപത്രി വികസന ഫണ്ട് വിനിയോഗിക്കാവുന്ന

ആവശ്യങ്ങൾക്കും ഫണ്ട് നീക്കിയിരിപ്പുണ്ടായിട്ടും വിനിയോഗിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുക പൊതുആവശ്യഗ്രാന്റിൽ നിന്നും പിൻവലിച്ച് ട്രഷറിയിൽ അടവാക്കി ചെലാൻ സഹിതം ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. 20,03,961/- രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 ബിറ്റുമിൻപ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് ഉൾപ്പെടുത്തി-പഞ്ചായത്തിന് നഷ്ടം

ഓഡിറ്റ് വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് ബാധകമാക്കിയത്. ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിനേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധികനിരക്ക് അനുവ ദിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

DSRകോഡ് 16.30.1പ്രകാരം റോഡിന്റെ ഉപരിതലത്തിൽ VG-10ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. കൂടാതെ DSRകോഡ് 16.30.1ൽ VG-10 ബിറ്റുമിന് പകരംVG-30ബിറ്റുമിൻ ഉപയോഗിച്ച് ഒബ്സർവ്ഡ് ഡാറ്റയിലും നിരക്ക് തയ്യാറാക്കിയിട്ടുണ്ട്.നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു. മാർക്കറ്റ്നിരക്കിലുള്ള ബിറ്റുമിൻവിലയോട് കോസ്റ്റ് ഇൻഡക്സ് (cost index)കൂട്ടേണ്ട ആവശ്യമില്ലാത്തതിനാൽ അതൊഴിവാക്കിയാണ് നിരക്ക് കണക്കാക്കിയത്. (ചീഫ് എഞ്ചിനീയരുടെ ഡിബി3/6512/2013/സിഇ/തസ്വഭവ നമ്പരിലുള്ള കത്ത് കാണുക)

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .075 | 41000 | 3075 | 3075 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 7.99 | 7.99 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.150 | 400 | 60 | 60 |

| | | | | | |
|---|---|---|---|---|---|
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .015 | 121.70 | 1.83 | 1.83 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| ചാക്കുകൾ | | 7.800 | 1.78 | 13.88 | 13.88 |
| കോൾടാർ സ്പ്രേയർ വാടക | പ്രതിദിനം | .030 | 300 | 9 | 9 |
| പലവക | LS | 9.1 | 1.78 | 16.2 | 16.2 |
| മേറ്റ് | തൊഴിൽദിനം | .060 | 363 | 21.78 | 21.78 |
| ബെൽഡാർ(beldar)ബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.460 | 329 | 480.34 | 480.34 |
| ബെൽഡാർ(beldar)ടാക്ക് കോട്ട് ചെയ്യുന്നതിന് | -ടി- | .190 | 329 | 62.51 | 62.51 |
| ബെൽഡാർ(beldar) | -ടി- | .470 | 329 | 154.63 | 154.63 |
| | | | ആകെ | 3906.32 | 3906.32 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 39.06 | 39.06 |
| | | | ആകെ | 3945.38 | 3945.38 |
| (-)1%വാട്ടർചാർജ് ഉൾപ്പെടെയുള്ള ബിറ്റുമിൻവില കുറയ്ക്കുക(3075+30.75=3105.75) | | | | | 3105.75 |

| | | | | | |
|---|---|---|---|---|---|
| | | | | | 839.63 |
| (+)കോസ്റ്റ് ഇൻഡക്സ് (1.381) | | | | | 1159.53 |
| (+)ബിറ്റുമിൻവില | | | | | 3075 |
| | | | | | 4234.53 |
| (+)കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 591.81 | 635.19 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 4537.19 | 4869.72 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 45.37 | 48.70 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 62.66 | |

DSRകോഡ് 16.32.2പ്രകാരം റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .144 | 41000 | 5904 | 5904 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 15.23 | 15.23 |
| സ്റ്റോൺ | ഘനമീറ്റർ | 1.800 | 1250 | 2250 | 2250 |

| | | | | | |
|---|---|---|---|---|---|
| സ്ക്രീനിംഗ്സ്12.5/13.2mm | | | | | |
| സ്റ്റോൺ സ്ക്രീനിംഗ്സ്10/11.2mm | -ടി- | .900 | 1250 | 1125 | 1125 |
| -ടി- കടത്ത്കൂലി | -ടി- | 2.700 | 106.49 | 287.52 | 287.5 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.288 | 400 | 115.2 | 115.2 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .029 | 121.70 | 3.50 | 3.50 |
| വൈർ ബ്രഷ് | ഒന്ന് | .110 | 20 | 2.2 | 2.2 |
| സോഫ്റ്റ് ബ്രഷ് | -ടി- | .320 | 18 | 5.76 | 5.76 |
| ചാക്കുകൾ,ചൂലുകൾ | LS | 6.760 | 1.78 | 12.03 | 12.03 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .130 | 830 | 107.9 | 107.9 |
| പലവക | LS | 9.490 | 1.78 | 16.89 | 16.89 |
| മേറ്റ് | തൊഴിൽദിനം | .080 | 363 | 29.04 | 29.04 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .570 | 329 | 187.53 | 187.53 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | 5 | 329 | 1645 | 1645 |
| മിസ്ത്രി | -ടി- | .190 | 435 | 82.65 | 82.65 |

| | | | | | |
|---|---|---|---|---|---|
| ചൗക്കിദാർ | | .270 | 329 | 88.83 | 88.83 |
| ഭിഷ്ടി | | .110 | 363 | 39.93 | 39.93 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .110 | 1500 | 165 | 165 |
| ഡീസൽ ഓയിൽ | ലിറ്റർ | 2 | 55.49 | 110.98 | 110.98 |
| കടത്ത് കൂലി | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ മിക്സർ | പ്രതിദിനം | .040 | 4000 | 160 | 160 |
| | | | ആകെ | 13280.35 | 13280.35 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 132.80 | 132.80 |
| | | | | 13413.15 | 13413.15 |
| (-)1%വാട്ടർചാർജ്ജ് ഉൾപ്പെടെയു ള്ള ബിറ്റുമിൻവില കുറയ്ക്കുക (5904+59.04=5963.04) | | | | | 5963.04 |
| | | | | | 7450.11 |
| (+)കോസ്റ്റ് ഇൻഡക്സ്(1.381)/1.3143 | | | | | 10288.60/9791.68 |
| (+)ബിറ്റുമിൻവില | | | | | 5904 |

| | | | | | |
|---|---|---|---|---|---|
| | | | | | 16192.6/ 15695.68 |
| (+)കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 2011.97 | 2428.89/ 2354.35 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 15425.12 | 18621.49/18050.03 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 154.25 | 186.21/ 180.50 |
| കോസ്റ്റ് ഇൻഡക്സ്(1.381)/(1.3143) | | | | 213.02/ 202.73 | |

DSRകോഡ് 16.41പ്രകാരം ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയത് കാരണം നൽകിയ നിരക്കും നൽകേണ്ട നിരക്കും.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .098 | 41000 | 4018 | 4018 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 10.44 | 10.44 |
| സ്റ്റോൺ എഗ്രഗേറ്റ് .06mm | ഘനമീറ്റർ | .900 | 1140 | 1026 | 1026 |

| | | | | | |
|---|---|---|---|---|---|
| -ടി- കടത്ത്കൂലി | -ടി- | .900 | 106.49 | 95.84 | 95.84 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 1.960 | 400 | 784 | 784 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .196 | 121.70 | 23.85 | 23.85 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .060 | 830 | 49.8 | 49.8 |
| പലവക | LS | 18.20 | 1.78 | 32.40 | 32.40 |
| മേറ്റ് | തൊഴിൽദിനം | .110 | 363 | 39.93 | 39.93 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .690 | 329 | 227.01 | 227.01 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .510 | 329 | 167.79 | 167.79 |
| മേറ്റ് | തൊഴിൽദിനം | .050 | 363 | 18.15 | 18.15 |
| മിസ്ത്രി | -ടി- | .040 | 435 | 17.40 | 17.40 |
| കോൾടാർസ്പ്രേയർവാടക | | .060 | 300 | 18 | 18 |
| ചൗക്കിദാർ | | .150 | 329 | 49.35 | 49.35 |

| | | | | | |
|---|---|---|---|---|---|
| ഭിഷ്ടി | | .060 | 363 | 21.78 | 21.78 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .060 | 1500 | 90 | 90 |
| ഡീസൽ ഓയിൽ | ലിറ്റർ | 1.080 | 55.49 | 59.93 | 59.93 |
| ചാക്കുകൾ,ചൂലുകൾ | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ സ്പ്രേയർ | പ്രതിദിനം | .060 | 363 | 21.78 | 21.78 |
| | | | ആകെ | 7700.67 | 7700.67 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 77 | 77 |
| | | | | 7777.67 | 7777.67 |
| (-)1%വാട്ടർചാർജ്ജ് ഉൾപ്പെടെയുള്ള ബിറ്റുമിൻവില (4018+40.18=4058.18) | | | | | 4058.18 |
| | | | | | 3719.5 |
| 11 | രണ്ടാംകൈ കയ്യപൊയിൽ റോഡ് S0063/16.<br>എംബുക്ക്95/10-11<br>ഡിഡിനം699887/15.4.16<br>4,23,497രൂപ(വികസനഫണ്ട്) | 11.84എം3@<br>1224.28/എം3=<br>14495.48രൂപ | 11.48എം3@<br>437.64/എം3=<br>5024.11രൂപ | 14495.48-5024.11<br>=9471.37രൂപ |
| 12 | കുരിശിങ്കൽ മുട്ടിൽപാറ റോഡ് S0079/16.<br>എംബുക്ക്16/09-10<br>ഡിഡിനം77/31.3.16<br>4,13,372രൂപ(വികസനഫണ്ട്) | 9എം3@ 1248/എം3=<br>11232രൂപ | 9എം3@<br>437.64/എം3=<br>3938.76രൂപ | 11232-3938.76<br>=7293.24രൂപ |
| 13 | നീറ്റിക്കൽ തട്ടൂർ റോഡ് S0079/16.<br>എംബുക്ക്16/09-10<br>ബിൽനം46/1.3.16<br>4,44,400രൂപ(വികസനഫണ്ട്) | 12.15എം3@<br>1248/എം3=<br>15163.20രൂപ | 12.15എം3@<br>437.64/എം3=<br>5317.33രൂപ | 15163.20-5317.33<br>=9845.87രൂപ |
| | | | ആകെ | 195468.50<br>195469 രൂപ |

മണ്ണിട്ട് ഉയർത്തുന്നതിന് പകരം ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനവും അധികവിലയുള്ളതുമായ ക്വാറിമക്ക് ഉപയോഗിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം വന്ന 1,95,469രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ

ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-11 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തു-പഞ്ചായത്തിന് വൻനഷ്ടം

ഓഡിറ്റ് വർഷങ്ങളിൽ റോഡ് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തതായി കാണുന്നു.റോഡുകളെ നാഷനൽ ഹൈവേ,സ്റ്റേറ്റ് ഹൈവേ,മേജർ ജില്ലറോഡുകൾ,മറ്റ് ജില്ലറോഡുകൾ,ഗ്രാമീണറോഡുകൾ എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. അധികച്ചെലവ് കാരണം സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് സ്റ്റേറ്റ് ഹൈവേകളിൽ ഒഴിവാക്കിയതായി ഐ.ആർ.സി.സ്പെസിഫിക്കേഷന്റെ ആമുഖത്തിൽ പറയുന്നുണ്ട്.സ്റ്റേറ്റ് ഹൈവേകളിൽ വളവുക ളിൽ ഡിപ്(dip)വരുന്ന ഇടങ്ങളിലും ബസ് സ്റ്റേഷനുകൾക്കടുത്തും മാർക്കറ്റിന്റെ ഭാഗങ്ങളിലും വേണമെങ്കിൽ കോൺക്രീറ്റ് ചെയ്യാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്.കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന്(expansion)ആവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്താനും നിഷ്കർഷിക്കുന്നുണ്ട്. മേൽപറഞ്ഞവയല്ലാതെ സ്റ്റേറ്റ് റോഡുകളിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്യേണ്ടതെന്ന് ഐ.ആർ.സി.യിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്റ്റേറ്റ് റോഡുകളിൽ പരിമിതമായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് പഞ്ചായത്തിലെ ഗ്രാമീണറോഡുകളിൽ ചെയ്തിട്ടുള്ളത്.ഐ.ആർ.സി.58,ഐ.ഐർ.സി.15-2011 എന്നിവയാണ് കോൺക്രീറ്റ് പേവ്മെന്റിനുള്ള സ്പെസിഫിക്കേഷനുകൾ.ഇവയൊന്നും ഗ്രാമീണറോഡുകൾക്ക് ബാധകമല്ല. മാത്രമല്ല ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം ട്രാഫിക്കിന്റെ ആധിക്യം മൂലമുള്ള ലംബദിശയിലുള്ള ലോഡാണ് റോഡിന്റെ ഉപരിതലത്തിന്റെ തരം തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം. അതുകൊണ്ടാണ് സ്റ്റേറ്റ് റോഡുകളിൽ വരെ കോൺക്രീറ്റ് ചെയ്യുന്നത് പരിമിതപ്പെടുത്തിയത്. പഞ്ചായത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് മണ്ണിനടിയിൽ നിന്നുള്ള ഉറവയാണ്. ഉറവയെടുക്കുന്നതിന് പരിഹാരമായി കോൺക്രീറ്റ് ചെയ്യാമെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടില്ല. സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ 305 നം. ഇനത്തിൽ വിശദീകരിക്കുന്നുണ്ട്. വെള്ളക്കെട്ടുള്ള ഭാഗങ്ങളിലും വെള്ളപ്പൊക്കമുള്ള പ്രദേശങ്ങളിലും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് IRC 34ൽ വ്യക്തമാക്കിയിട്ടുണ്ട്.

വാഹനബാഹുല്യം കുറഞ്ഞ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച് IRC:SP:62-2014ലാണ് വിവരിക്കുന്നത്. വാഹനങ്ങളുടെ എണ്ണമനുസരിച്ചാണ് ഏത് തരത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് വേണ്ടതെന്ന് നിശ്ചയിക്കുന്നത്. കോൺക്രീറ്റ് ചെയ്യുന്നതിന് മുമ്പ് സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനാണ് കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ 16.10.2012ലെ

ഡിബി4-7462/2012തസ്വഭവ നം.കത്തിൽ നിർമ്മാണച്ചെലവും റോഡിന്റെ പ്രാധാന്യവും വാഹനങ്ങളുടെ ബാഹുല്യവും പരിഗണിച്ചാവണം കോൺക്രീറ്റ് പ്രവൃത്തി ചെയ്യേണ്ടതെന്നും സബ് ഗ്രേഡിന് ആവശ്യമായ ഉറപ്പ് വരുത്തിയതിന് ശേഷമേ പ്രവത്തി ചെയ്യാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് വ്യവസ്ഥകൾ പാലിച്ച് നടപ്പാതകൾക്ക് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് 5cm കനത്തിലും ചെയ്യേണ്ടതാണെന്നും വാഹനബാഹുല്യമുള്ള റോഡുകളിൽ 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10മുതൽ 15cmവരെയുള്ള കനത്തിലും 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 5മുതൽ7cm വരെയുള്ള കനത്തിലുമാണ് ചെയ്യേണ്ടതെന്ന് ചീഫ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട് (ഡിബി4-9099/2015/സിഇ/തസ്വഭവ.തീ.28.09.15കത്ത്കാണുക) വാഹനങ്ങളുടെ ബാഹുല്യമുണ്ടെന്ന് കാണിക്കുന്ന സർവ്വെ റിപ്പോർട്ടോ മറ്റെന്തെങ്കിലും രേഖകളോ ഇല്ലാതെയാണ് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. കോൺക്രീറ്റ് പ്രവൃത്തികൾ അധിക കനത്തിൽ ചെയ്തത് കാരണം പഞ്ചായത്തിന് അധികച്ചെലവ് വന്നിട്ടുണ്ട്. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ കനവും നൽകിയ തുകയും | നൽകാവുന്ന കനവും തുകയും | അധികം നൽകിയത് |
|---|---|---|---|---|
| 1 | ഇരുമ്പിൻചീടൻകുന്ന് എസ് സി കോളനി റോഡ് കോൺക്രീ റ്റിംഗ്. S0114/16. എംബുക്ക്35/15-16<br>ബിൽനം11/30.09.156,50,000രൂപ(SCP)<br>കൺവീനർ:.പി.കെ. മുഹമ്മദ്<br>സാങ്കേതികാനുമതി: 6,50,000രൂപ<br>സാങ്കേതികാനുമതി-തോമസ് മാത്യു,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃ ത്തി-<br>5x(3.60+2.90)/2x.12= 1.95m3<br>11x(2.90+3.40+3.1)/3x0.12=4.14m3<br>15x(3.1+3.4)/2x0.12= 5.85m3<br>6x(3.40+5.50+3)/3x0.12= 2.88m3<br>13x(3.10+2.90)/2x0.12= 4.68m3<br>3.90x2x0.10=0.78m3(റാമ്പ്)<br>ആകെ =20.28m3<br>20.28m3@66.76/10dm3= 1,35,567.96രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃ ത്തി-<br>5x(3.60+2.90)/2x.075= 1.219m3<br>11x(2.90+3.40+3.1)/3x0.075=2.585m3<br>15x(3.1+3.4)/2x0.075= 3.656m3<br>6x(3.40+5.50+3)/3x0.075= 1.785m3<br>13x(3.10+2.90)/2x0.075= 2.925m3<br>3.90x2x0.10=0.78m3(റാമ്പ്)<br>ആകെ =12.95m3<br>12.95m3@66.76/10dm3= 86,454.20രൂപ | 135567.96-86454.20 = 49113.76രൂപ |
| 2 | ഇരുമ്പിൻചീടൻകുന്ന് എസ് സി കോളനി റോഡ് കോൺക്രീ റ്റിംഗ്. S0114/16. എംബുക്ക്35/15-16<br>ബിൽനം11/30.09.156,50,000രൂപ(SCP)<br>കൺവീനർ:.പി.കെ. മുഹമ്മദ്<br>സാങ്കേതികാനുമതി: 6,50,000രൂപ<br>സാങ്കേതികാനുമതി-തോമസ് മാത്യു,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>1x113.50x3x.10=34.05m3<br>34.05m3@7953.46/m3= 2,70,815.31രൂപ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃ ത്തി-<br>1x113.50x3x.075= 25.538m3<br>25.538m3@7953.46/m3= 2,03,115.46രൂപ | 270815.31-203115.46 =67699.85രൂപ |

| | | | | |
|---|---|---|---|---|
| 3 | അടക്കൽകടവ് ച്ചള്ളി യകംറോഡ്<br>S0042/16. എംബുക്ക്101/15-16<br>ഡിഡിനം698370/ 2.3.16<br>422300രൂപ(വികസനഫണ്ട്ജനറൽ)<br>കരാറ്കാരൻ:കെ.പി.അഹമ്മദ്കുട്ടി<br>സാങ്കേതികാനുമതി: 5,00,000രൂപ<br>എഗ്രിമെന്റ്നം.26/15-16/ 5.1.16<br>സാങ്കേതികാനുമതി-സന്തോഷ്കുമാർ.എ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>6.6x(2.80+4.30)/2x.10= 2.34m3<br>7x(4.30+3.70)/2x0.10= 2.80m3<br>4x(3.70+3)/2x0.10= 1.34m3<br>6x(3+4)/2x0.10= 2.10m3<br>6x4x0.10= 2.40m3<br>5x(4+3)/2x.10=1.75m3<br>6x(3+2.90)/2x0.10=1.77m3<br>6x2.90x0.10= 1.74m3<br>5x(2.90+3.05)/2x0.10= 1.49m3<br>5x(3.05+3.10)/2x0.10= 1.54m3<br>7x(3.10+2.60)/2x0.10=2<br>6x(2.60+2.70)/2x0.10=1.59<br>5x(2.70+2.50)/2x0.10=1.30<br>5x(2.50+2.30)/2x0.10=1.20<br>4x(2.30+2.80)/2x0.10=1.02<br>7x(2.80+2.90)/2x0.10=2<br>10x(2.90+3)/2x0.10=2.95<br>5x(3+2.60)/2x0.10=1.48<br>ആകെ =32.81m3<br>32.81m3@7953.46/m3=<br>2,60,953.02രൂപ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>6.6x(2.80+4.30)/2x.075= 1.76m3<br>7x(4.30+3.70)/2x0.075= 2.1m3<br>4x(3.70+3)/2x0.075= 1.01m3<br>6x(3+4)/2x0.075= 1.58m3<br>6x4x0.075= 1.8m3<br>5x(4+3)/2x.075=1.313m3<br>6x(3+2.90)/2x0.075= 1.33m3<br>6x2.90x0.075= 1.305m3<br>5x(2.90+3.05)/2x0.075= 1.12m3<br>5x(3.05+3.10)/2x0.075= 1.15m3<br>7x(3.10+2.60)/2x0.075=1.49<br>6x(2.60+2.70)/2x0.075=1.19<br>5x(2.70+2.50)/2x0.075=0.98<br>5x(2.50+2.30)/2x0.075=0.9<br>4x(2.30+2.80)/2x0.075=0.77<br>7x(2.80+2.90)/2x0.075=1.49<br>10x(2.90+3)/2x0.075=2.21<br>5x(3+2.60)/2x0.075=1.05<br>ആകെ =24.55m3<br>24.55m3@7953.46/m3=<br>1,95,257.44രൂപ | 260953.02-195257.44=<br>65695.58രൂപ |
| 4 | ഇരുമോത്ത് കണ്ടാല മല റോഡ്<br>S0165/16. എംബുക്ക്17/11-12<br>ബിൽനം63/31.3.16<br>443476രൂപ(വികസനഫണ്ട്ജനറൽ)<br>കരാറ്കാരൻ: അഷ്റഫ്.എ.<br>സാങ്കേതികാനുമതി: 5,00,000രൂപ<br>എഗ്രിമെന്റ്നം.65/15-16/ 3.3.16 | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>7x(4.50+4.70)/2x.10= 3.22m3<br>4.50x(4.70+4.20)/2x0.10= 2m3<br>9x(4.20+5)/2x0.10= 4.14m3<br>10x(5+5.8)/2x0.10=5.40m3<br>9x(5.80+5.20)/2x0.10= 4.95m3 | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>7x(4.50+4.70)/2x.075= 2.415m3<br>4.50x(4.70+4.20)/2x0.075= 1.502m3<br>9x(4.20+5)/2x0.075= 3.105m3<br>10x(5+5.8)/2x0.075= 4.05m3<br>9x(5.80+5.20)/2x0.075= 3.713m3 | 323467.22-242580.53<br>=80886.69രൂപ |

| | | | | |
|---|---|---|---|---|
| | സാങ്കേതികാനുമതി-സന്തോഷ്കുമാർ.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 4x(5.20+4.50)/2x.10= 1.94m3<br>3.50x(4.50+5)/2x0.10= 1.66m3<br>3.80x(5+4.10)/2x0.10= 1.73m3<br>10x(3.40+3.30)/2x0.10= 3.35m3<br>10x(3.30+3.40)/2x0.10= 3.35m3<br>10x(3.40+3.60)/2x0.10= 3.50m3<br>15.50x(3.60+3.40)/2x0.10=5.43m3<br>ആകെ =40.67m3<br>40.67m3@7953.46/m3= 3,23,467.22രൂപ | 4x(5.20+4.50)/2x.075= 1.455m3<br>3.50x(4.50+5)/2x0.075= 1.247m3<br>3.80x(5+4.10)/2x0.075= 1.297m3<br>10x(3.40+3.30)/2x0.075= 2.513m3<br>10x(3.30+3.40)/2x0.075= 2.513m3<br>10x(3.40+3.60)/2x0.075= 2.625m3<br>15.50x(3.60+3.40)/2x0.075=4.069m3<br>ആകെ =30.50m3<br>30.50m3@7953.46/m3= 2,42,580.53രൂപ | |
| 5 | ചെമ്പ്കടവ് മുറ്റിട്ട റോഡ് S0077/16. എംബുക്ക്99/15-16<br>ചെക്ക്നം65/ 31.3.16<br>4435200രൂപ(വികസനഫണ്ട്ജനറൽ)<br>കരാറ്കാരൻ:കെ.എം.ഗോപാലകൃഷ്ണൻ. സാങ്കേതികാനുമതി: 5,00,000രൂപ<br>എഗ്രിമെന്റ്നം.9/15-16/ 2.12.15<br>സാങ്കേതികാനുമതി-സന്തോഷ്കുമാർ.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി-<br>111.50x3x0.10=33.45m3<br>ആകെ =33.45m3<br>33.45m3@7953.46/m3= 2,66,043.24രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ്ചെയ്യുന്ന പ്രവത്തി-<br>111.50x3x0.075=25.09m3<br>ആകെ =25.09m3<br>25.09m3@7953.46/m3= 1,99,552.31രൂപ | 266043.24-199552.31 =66490.93രൂപ |
| 6 | നാൽപ്പതിൽ ഇരുമ്പൻകുന്ന് കല്ലുള്ളതോട് റോഡ് S0072/16. എംബുക്ക്57/09-10<br>ചെക്ക്നം59/29.3.16<br>422456രൂപ(വികസനഫണ്ട്ജനറൽ)<br>കരാറ്കാരൻ:പി.കെ.ഷാനവാസ് സാങ്കേതികാനുമതി: 5,00,000രൂപ<br>എഗ്രിമെന്റ്നം.22/15-16/ 4.1.16<br>സാങ്കേതികാനുമതി-സന്തോഷ്കുമാർ.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>102.50x3.20x0.10=32.80m3<br>32.80m3@7953.46/m3= 2,60,873.49രൂപ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>102.50x3.20x0.075= 24.60m3<br>24.60m3@7953.46/m3= 1,95,655.12രൂപ | 260873.49-195655.12 =65218.37രൂപ |
| 7 | മേലെമരുതിലാവ് വടക്കെതടത്തിൽ റോഡ് S0098/16. എംബുക്ക്102/15-16<br>ബിൽനം45/1.3.16<br>446864രൂപ(വികസനഫണ്ട്ജനറൽ) | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>116x3x0.10=34.80m3<br>34.80m3@7953.46/m3= | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>116x3x0.075=26.1m3<br>26.1m3@7953.46/m3= | 276780.41-207585.31 =69195.10രൂപ |

| | | | | |
|---|---|---|---|---|
| | കരാറ്കാരൻ:അബ്ദുൾ<br>സത്താർ സാങ്കേതികാനുമതി: 5,00,000രൂപ<br>എഗ്രിമെന്റ്നം.14/15-16/ 23.12.15<br>സാങ്കേതികാനുമതി-സന്തോഷ്കുമാർ.എ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 2,76,780.41രൂപ | 2,07,585.31രൂപ | |
| 8 | നൂറാംതോട് കരി മ്പിൻമൂട്ടിത്തോട് റോഡ് S0075/16. എംബുക്ക്99/15-16<br>ബിൽനം48/17.3.16<br>443440രൂപ(വികസനഫണ്ട്ജനറൽ)<br>കരാറ്കാരൻ:ഗോപാ ലകൃഷ്ണൻ സാങ്കേതികാനുമതി: 5,00,000രൂപ<br>എഗ്രിമെന്റ്നം.8/15-16/ 2.12.15<br>സാങ്കേതികാനുമതി-സന്തോഷ്കുമാർ.എ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>35x3x.10=10.50m3<br>15x(3+3.10)/2x0.10= 4.58m3<br>15x(3.10+3)/2x0.10= 4.58m3<br>15x3x0.10=4.50m3<br>15x(3+3.10)/2x0.10= 4.58m3<br>15x3.10x0.10=4.65m3<br>ആകെ =33.39m3<br>33.39m3@7953.46/m3= 2,69,542.76രൂപ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>35x3x0.075=7.875m3<br>15x(3+3.10)/2x0.075= 3.431m3<br>15x(3.10+3)/2x0.075= 3.431m3<br>15x3x0.075=3.375m3<br>15x(3+3.10)/2x0.075= 3.431m3<br>15x3.10x0.075=3.488m3<br>ആകെ =25.03m3<br>25.03m3@7953.46/m3= 1,99,075.10രൂപ | 269542.76-199075.10 =70467.66 |
| 9 | ഭൂമിഇടിഞ്ഞകുഴി കരിവില്ലികാവ് റോഡ് S0089/16. എംബുക്ക്104/10-11<br>ബിൽനം85/31.3.16<br>449893രൂപ(വികസനഫണ്ട്ജനറൽ)<br>കരാറ്കാരൻ:സാദിക് അലി സാങ്കേതികാനുമതി: 5,00,000രൂപ<br>എഗ്രിമെന്റ്നം.45/15-16/ 10.2.16<br>സാങ്കേതികാനുമതി-സന്തോഷ്കുമാർ.എ, അസിസ്റ്റന്റ്എക്സിക്യൂട്ടിവ് എഞ്ചിനിയർ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>1x82x3.10x0.10=25.42m3<br>1x37x3x0.10=11.10m3<br>36.52m3@7953.46/m3= 2,90,460.36രൂപ | 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>1x82x3.10x0.05=12.71m3<br>1x37x3x0.05=5.55m3<br>18.26m3@7953.46/m3= 1,45,230.18രൂപ | 290460.36-145230.18 = 145230.18രൂപ |
| | | | ആകെ | 6,79,998 രൂപ |

ചീഫ് എഞ്ചിനിയറുടെ നിർദ്ദേശങ്ങൾക്കും IRCസ്പെസിഫിക്കേഷനും വിരുദ്ധമായി ചെയ്ത പ്രവൃത്തിക്ക് ചെലവ് ചെയ്ത6,79,998 രൂപ നിരാകരിക്കുന്നു.നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് നഷ്ടുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-12 ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലകളിൽപെടാത്ത റോഡുകളിൽ പ്രവൃത്തി ചെയ്യുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണഉദ്യോഗസ്ഥനായ പദ്ധതിച്ചെലവ് പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ആറ് മീറ്ററിലും കുറഞ്ഞ വീതിയുള്ള റോഡുകളിൽ പ്രവൃത്തി ചെയ്തതായി കാണുന്നു.കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1) ഉപവകുപ്പിലെ നാലാം പട്ടികയിൽ ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയി ലുള്ള റോഡുകളിലാണ് ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ചെയ്യേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്.പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളിലും സർക്കാർ ഉത്തരവുകളിലും അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളിലാണ് ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ചെയ്യേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. (ജി.ഒ.(എംഎസ്) 225/12.തസ്വഭവ.തീയ തി18.8.12, ജി.ഒ.(ആർടി)2769/14.തസ്വഭവ.തീയ തി21.8.14 കാണുക)

പഞ്ചായത്ത് മേൽ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ ഗ്രാമപഞ്ചായത്തുകളിലെ മൂന്ന് മീറ്റർ വരെയുള്ള റോഡുകളിൽ പ്രവൃത്തി ചെയ്യുന്നതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള റോഡുകളിൽ പ്രവൃത്തി ചെയ്തതിന്റെ കാരണം വിശദീകരിക്കേണ്ടതും, മേൽ പ്രവൃത്തികൾ നടപ്പാക്കിയ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രസ്തുത റോഡുകൾ ഉൾപ്പെട്ടിട്ടുള്ള ആസ്തിരജിസ്റ്ററിന്റെ പകർപ്പ് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്) പരിശോധനക്കായി തുടർ മറുപടിയോടൊപ്പം ഹജരാക്കേണ്ടതുമാണ്.

## 3-13 ഡിപിസി അംഗീകരിച്ച അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയില്ല- അധികതുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹിച്ച പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ ആകെ പ്രവൃത്തിമൂല്യം സാങ്കേതികാനുമതി ലഭിച്ച തുകയിൽ പരിമിതപ്പെടുത്താത്തതിനാൽ കരാറുകാരന് അധികതുക നൽകിയതായി കാണുന്നു.ഉദാഹരണം താഴെ ചേർക്കു ന്നു.

| | പ്രവൃത്തിയുടെ വിവരം | ഡിപിസി അംഗീകരിച്ച അടങ്കൽ | കരാറുകാരന് ബിൽ പ്രകാരം നൽകിയ തുക | കരാറുകാരന് അർഹതപ്പെട്ട തുക |
|---|---|---|---|---|
| 1 | വഴിക്കടവ് പൊന്നങ്കയംറോഡ് S0036/16 എംബുക്ക് 85/15-16 ബിൽനം. 82/31.3.16 | 4,66,780 | ആകെപ്രവൃത്തിമൂല്യം } 5,26,748.42 4,99,763 രൂപയിൽ പരിമിത പ്പെടുത്തി ടെണ്ടർ കുറവ് | ആകെ പ്രവൃത്തിമൂല്യം } 5,26,748.42 4,66,780രൂപയിൽ പരിമിതപ്പെടുത്തി ടെണ്ടർകുറവ് } (-)6.6% 30807.48 |

| | | | | |
|---|---|---|---|---|
| | | | }(-)6.6% | |
| | | | 32984.36 | |
| | | | | 4,35,972.52 |
| | (4,66,779രൂപ) | | 4,66,779 | (-)ആദായനികുതി 1% (4360) |
| | കരാറുകാരൻ:സണ്ണി | | (-)ആദായനികുതി1% | |
| | എക്കൽ(6.6%കുറവ്) | | (4668) | (-)തൊഴിലാളിക്ഷേമനിധി1% (4360) |
| | സാങ്കേതികാനുമതി: | | (-)തൊഴിലാളിക്ഷേമനി | (-)വാറ്റ്4% (17,439) |
| | 500,000 | | ധി1% (4668) | ആകെ = 26158.35 |
| | | | (-)വാറ്റ്4%(18,671) | 4,09,814.17 |
| | | | ആകെ | |
| | | | = 28007 | |
| | | | 4,38,772 | |

മേൽപറഞ്ഞ പ്രകാരം ഡിപിസി അംഗീകരിച്ച് അടങ്കലിലും കൂടുതൽ തുക നൽകാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 3-14 പഞ്ചായത്ത് രാജ് നിയമങ്ങൾ പാലിക്കാതെ 'ഹാഡ്' മാർക്കറ്റ്.

പദ്ധതി പേര്, നം. - വെജിറ്റബിൾ മാർക്കറ്റ് കെട്ടിട നിർമ്മാണം (ഹാഡ), 112/16

അടങ്കൽ തുക – 15,00,000/- (സംസ്ഥാന വിഹിതം)

ചെലവ് തുക – 12,56,304/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെക്ക് നം, തുക – 54142 -12.10.2015 – (7,00,000/-), 1577105 - 19.03.2016 – (4,19,242/-), 1577114 – 31.03.2016 (1,37,062)

മലയോര വികസന ഏജൻസി മുഖേന പച്ചക്കറി, പഴവർഗ്ഗ കൃഷി, വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിനു അനുവദിച്ചു കിട്ടിയ 26 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പച്ചക്കറി മാർക്കറ്റിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അനുമതി നൽകി. (12.05.2014 ലെ 73218/ഡി.ബി.2/13/ത.സ്വ.ഭ.വ നം. കത്ത്) 5292 എം.2 പ്ലിന്ത് ഏരിയയിൽ നിർമ്മിച്ച മേൽ കെട്ടിടത്തിന് ആകെ നിർമ്മാണ ചെലവ് 12,56,304/- രൂപയാണ്.

എ) കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെ മാർക്കറ്റ് കെട്ടിടം നിർമ്മിച്ചു.

1. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4(1)(2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഏതൊരാളും സെക്രട്ടറിയിൽ നിന്നും ആദ്യമേ തന്നെ ഒരു അനുവാദപത്രം (Permit) കെട്ടിട നിർമ്മാണ പെർമിറ്റ് കരസ്ഥമാക്കാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കെട്ടിടത്തിന് വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ചട്ടം 4(3) പ്രകാരം ഒരു കെട്ടിടത്തിനെ ഒരു ഒക്യൂപൻസി (വിനിയോഗ) വിഭാഗത്തിൽ നിന്നും മറ്റൊരു ഒക്യൂപൻസി വിഭാഗമായി മാറ്റുമ്പോഴും സെക്രട്ടറിയുടെ മുൻകൂർ അനുമതി വാങ്ങിച്ചിരിക്കണം.
2. ചട്ടം.5(2), 6 എന്നിവ പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ ഏതെങ്കിലും ഭൂവികസനമോ പുനർവികസനമോ നടത്തുന്ന സംഗതിയിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അനുബന്ധം.AA ലെ ഫോറത്തിൽ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ നൽകേണ്ടതും അപേക്ഷയോടൊപ്പം ചട്ടത്തിൽ നിർദ്ദേശിക്കും പ്രകാരം ആവശ്യമായ പ്ലാനുകൾ, ഡ്രോയിംഗുകൾ, പത്രികകൾ എന്നിവയുടെ മൂന്ന് പകർപ്പുകൾ, ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന പ്രമാണങ്ങൾ, ചീഫ് ആർക്കിടെക്റ്റ് അല്ലെങ്കിൽ നിർമ്മാണങ്ങളുടെ ചുമതല വഹിക്കുന്ന എഞ്ചിനീയർ നൽകിയ സർട്ടിഫിക്കറ്റിന്റെ കോപ്പി തുടങ്ങിയ വിശദാംശങ്ങൾ സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.
3. ചട്ടം. 7(2) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പ് ഏതെങ്കിലും കെട്ടിടനിർമ്മാണത്തിന്റെ കാര്യത്തിൽ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ, നിർമ്മാണം ആരംഭിക്കുന്നതിന് മുപ്പത് ദിവസം മുമ്പ് നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനുകളുടെ ഒരു സെറ്റും ഈ പ്ലാൻ നഗരാസൂത്രണ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ വികസന പ്ലാനുകൾക്ക് അനുരൂപമാണെന്നും മുഖ്യ ആർക്കിടെക്റ്റ് അല്ലെങ്കിൽ നിർമ്മാണ ചുമതല വഹിക്കുന്ന എഞ്ചിനീയർ നൽകിയ സർട്ടിഫിക്കറ്റോടു കൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.
4. ചട്ടം.9(ii) പ്രകാരം പഞ്ചായത്ത് പരിധിയിൽ വരുന്ന സർക്കാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണങ്ങൾക്ക് ഇളവ് നൽകിയിട്ടില്ല.
5. ചട്ടം.27(2) പ്രകാരം അടുത്തടുത്ത് ചേർന്ന് കിടക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ നിയമപരമായി നിർബന്ധമുള്ള ഉമ്മറം, പിന്നാമ്പുറം, പാർശ്വാങ്കണം എന്നിവ പ്ലോട്ട് അതിർത്തിയിൽ നിന്ന് കണക്കാക്കിയ ശേഷം അവശേഷിക്കുന്ന ഭൂമി പ്ലോട്ടിലെ കെട്ടിട നിർമ്മാണ പ്രദേശമായി പരിഗണിച്ച് മുഴുവൻ തറവിസ്തീർണ്ണാനുപാതവും, വ്യാപ്തിയും, പ്രവേശനമാർഗ്ഗവും, വെളിച്ചവും, വായുപ്രവാഹവും എന്നിങ്ങനെ സംബന്ധിച്ച നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും ഈ

സ്ഥലത്തെ വ്യത്യസ്ത കെട്ടിട സമൂഹങ്ങൾ തമ്മിലുള്ള അകലം 10മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് ഏറ്റവും ചുരുങ്ങിയത് 2 മീറ്ററർ ആയിരിക്കേണ്ടതുമാണ്. എന്നാൽ ഈയൊരു നിയമ വ്യവസ്ഥ ഇവിടെ പാലിച്ചില്ല. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ ചുമരിനോട് ചേർന്നാണ് പുതിയ കെട്ടിടത്തിന്റെ സൺഷെയ്ഡുകൾ സ്ഥിതി ചെയ്യുന്നത്.

ബി. പൊതു മർക്കറ്റ് ഏർപ്പെടുത്തൽ - നിയമനടപടികൾ സ്വീകരിച്ചില്ല.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ പൊതു/സ്വകാര്യ മാർക്കറ്റുകൾ ഏർപ്പെടുത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപെട്ടതാണ്. മേൽ വിവരിച്ച നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത ഇനത്തിന് പ്രിൻസിപ്പൽ സെക്രട്ടറി അനുമതി നൽകിയത്. സംസ്ഥാന നിയമസഭ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വരുത്തി അംഗീകരിക്കാതെ നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉത്തരവുകൾ നൽകുന്നത് നിലനിൽക്കുന്നതല്ല.
2. 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടേയും, സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങളിലെ, ചട്ടം.3(1)പ്രകാരം ഒരു പൊതു മാർക്കറ്റ് ഉപയോഗിക്കുന്നതിനായി സ്ഥലങ്ങൾ ഏർപ്പെടുത്തുന്നതിന് ആ സംഗതിയിൽ പൊതുജനങ്ങൾക്ക് ആക്ഷേപം എന്തെങ്കിലുമുണ്ടെങ്കിൽ ആയത് 30 ദിവസത്തിനുള്ളിൽ രേഖാമൂലം ഉന്നയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് എല്ലാവർക്കും കാണത്തക്ക വിധത്തിലുള്ള സ്ഥലത്ത് പതിക്കേണ്ടതും അപ്രകാരം പ്രസിദ്ധീകരിച്ച വിവരം കൂടുതൽ പ്രദേശത്തെ പ്രധാന ഭാഷയിൽ പ്രചാരമുള്ള ഒരു വർത്തമാന പത്രത്തിൽ പ്രസിദ്ധീകരിക്കേണ്ടതും നിശ്ചിത കാലയളവിനുള്ളിൽ ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതുമാണ്.
3. ചട്ടം.3(2)പ്രകാരം പുതിയ ഒരു പൊതു മാർക്കറ്റ് ഏർപ്പെടുത്തുന്നതിനു മുമ്പായി ആ സ്ഥലത്ത് അങ്ങനെ ഒരു മാർക്കറ്റ് ഏർപ്പെടുത്തുന്നതുമൂലം ഉണ്ടായേക്കാവുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ജില്ല മെഡിക്കൽ ഓഫീസറുടെ അഭിപ്രായം പഞ്ചായത്ത് ആരായേണ്ടതാണ്.
4. ചട്ടം.18 പ്രകാരം പ്രസ്തുത സ്ഥലങ്ങളിൽ ശുദ്ധജല വിതരണം, കക്കൂസുകൾ, മൂത്രപ്പുര, അഴുക്ക് ചാലുകൾ മുതലായ സൌകര്യങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തണം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, മാർക്കറ്റ് ഏർപ്പെടുത്തലും മറ്റ് നിയമ വ്യവസ്ഥകൾ എന്നിവ നിലനിൽക്കെയാണ് ഹാഡ പദ്ധതി മുഖേന ലഭിച്ച തുക വിനിയോഗിച്ച് മാർക്കറ്റ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. മിനി സിവിൽ സ്റ്റേഷന്റെ പുറക് വശത്തായി നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിലെ ഒരു മുറിയിൽ നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉപയോഗിക്കുന്ന

വാഹനം സൂക്ഷിക്കുന്നതിനാണ് വിനിയോഗിക്കുന്നത് എന്ന് പ്രാദേശിക പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. ബ്ലോക്ക് തലത്തിൽ പച്ചക്കറി, പഴവർഗ്ഗ കൃഷി, വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി അടിസ്ഥാന സൌകര്യങ്ങൾ ഇല്ലാതെ നിർമ്മിച്ച പ്രസ്തുത കെട്ടിടം സർക്കാർ നിർദ്ദശിച്ച പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ നിലവിൽ കഴിയില്ല. പദ്ധതിക്കായി ചെലവഴിച്ച തുക കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് നിഷ്ക്രിയമായ ഒരു ആസ്തിയാണ് സൃഷ്ടിച്ചത്. ചെലവ് തുക 12,56,304/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## **3-15** <u>സർക്കാർ അനുമതി ലഭ്യമാക്കാതെ ഉയർന്ന പലിശ നിരക്കിൽ ഭവന പദ്ധതിക്ക് വായ്പയെടുത്തു.</u>

പ്രോജക്റ്റ് പേര്, നം - കാരശ്ശേരി ബാങ്കിലേക്ക് അടക്കേണ്ട പലിശ, 06/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 2,50,000/- (വികസന ഫണ്ട്)

ചെലവ് തുക - 2,50,000/- (ബിൽ നം.26/15-16, 21.02.2016)

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ഐ.എ.വൈ.ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അധിക വിഹിതമായി നൽകുന്നതിനു വേണ്ടി കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് ഭരണസമിതി തീരുമാനിച്ചു (നം.100(5)/13-14, 16.05.2013). ഇതിനായി 31.05.2013 ലെ ഡി.1004/12 നം. കത്തിലൂടെ ബാങ്ക് മാനേജരോട് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 85,82,630/- രൂപ കാരശ്ശേരി ബാങ്കിന്റെ താമരശ്ശേരി സബ് സെന്ററിൽ നിന്നും 15% പലിശ നിരക്കിൽ 10 വർഷത്തെ കാലാവധിക്കായി അനുവദിച്ചു. കരാർ പ്രകാരം വായ്പ തുകയും 11.25% പലിശയും സർക്കാർ നൽകുന്നതും, 3.75% പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും തിരിച്ചടയ്ക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 3.75% പലിശ അടവാക്കിയിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2013-14 | 1,55,000 |
| 2014-15 | 2,50,000 |
| 2015-16 | 2,50,000 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. 24.05.2013 ലെ (കൈ)193/13/ത.സ്വ.ഭ.വ, 13.06.2013 ലെ(കൈ)220/13/ത.സ്വ.ഭ.വ നമ്പർ

ഉത്തരവുകളിലൂടെ സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും 2011-12 വർഷത്തിൽ കരാർ എല്ലാ ഐ.എ.വൈ. ഗുണഭോക്താക്കൾക്കും അധിക വിഹിതം നൽകുന്നതിനായി ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും 11.25% പലിശ നിരക്കിൽ വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. 09.10.2013 ലെ(കൈ) 332/13/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും, തിരിച്ചടവാക്കുന്നതുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ മേൽ ഉത്തരവുകളിലൊന്നും സർക്കാർ നിശ്ചയിച്ച പലിശ നിരക്കിൽ അധികമായി വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധി ലംഘിച്ച് ഉയർന്ന പലിശ നിരക്കിൽ ഭവനപദ്ധതിക്കായി വായ്പ എടുത്തത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത തന്നെ താളം തെറ്റിക്കുന്ന തരത്തിൽ വായ്പ എടുക്കുവാനുണ്ടായ സാഹചര്യം വ്യക്താമാക്കേണ്ടതാണ്.

2. 1963 ലെ കേരള തദ്ദേശാധികാര സ്ഥാപന വായ്പ നിയമം, വകുപ്പ്.3(1) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വായ്പ എടുക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ആയിരിക്കണം. ഭവന പദ്ധതിയിലേക്ക് വായ്പ എടുക്കുന്നതിനായി കാരശ്ശേരി സർവ്വീസ് സഹകരണ നിശ്ചയിച്ച പലിശ നിരക്കിൽ വായ്പയെടുക്കുവാൻ ഉണ്ടായ സാഹചര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കുറഞ്ഞ നിരക്കിൽ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് പഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ ഭീമമായ നഷ്ടം വരുത്തുന്നതിന് വഴിവെച്ചു.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഉയർന്ന നിരക്കിൽ വായ്പയുടെ പലിശ അടവാക്കുന്നത് ഓഡിറ്റിൽ അംഗീകരിച്ചു നൽകാവുന്നതല്ല. ഓഡിറ്റ് വർഷത്തെ ചെലവ് തുക നിരാകരിക്കുന്നു.

## 3-16 സാക്ഷരത പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വക പദ്ധതി.

പദ്ധതി പേര്, നം - സാക്ഷരത തുടർ വിദ്യാഭ്യാസം, 08/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 2,00,000 രൂപ (വികസന ഫണ്ട്- )

ചെലവ് തുക - 53,896/- രൂപ [ബിൽ നം.33/15-16, 19.3.2016 (34,696/-), 40/15-16, 29.03.2016 (19,200/-)]

ബ്ലോക്ക് പഞ്ചായത്ത് പരിധി പ്രദേശത്തെ വികസന വിദ്യാകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യ കേന്ദ്രങ്ങളിൽ ഉപയോഗപ്പെടുത്തുക,

സാക്ഷരത പഠിതാക്കളുടെ കല സാംസ്കാരിക കഴിവുകൾ പ്രോൽസാഹിപ്പിക്കുക, സമ്പൂർണ്ണ 7, 10 തുല്യത വിദ്യാഭ്യാസം നേടിയ ബ്ലോക്ക് പഞ്ചായത്തായി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതിക്കായി വകയിരുത്തിയ തുകയിൽ താഴെ പറയുന്ന തരത്തിൽ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | കൊടുവള്ളി വിദ്യാകേന്ദ്രത്തിന് യു.പി.എസ് | 14,900 |
| 2 | പഠിതാക്കൾക്ക് പഠന പുസ്തകം | 10,000 |
| 3 | നെയിം ബോർഡ് | 4,500 |
| 4 | സ്റ്റേഷനറി | 3,512 |
| 5 | നെയിം സീൽ | 350 |
| 6 | എ.4 പേപ്പർ | 1,434 |
| 7 | പഠന സാമഗ്രികൾ | 19,200 |
| | | 53,896 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് അപാകതകൾ താഴെ കൊടുക്കുന്നു.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്, 166 (1), സി, (x) പ്രകാരം സാക്ഷരത പരിപാടികൾ നടപ്പിലാക്കുക ഗ്രാമപഞ്ചായത്തിന്റെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലയാണ്. 18.01.1996ലെ (എം.എസ്) 14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം അനൗപചാരിക വിദ്യാഭ്യാസം, വയോജന വിദ്യഭ്യാസം, മറ്റ് സാക്ഷരത പരിപാടികളും നടപ്പിലാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളാണ്. കേരളത്തിൽ പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുക

എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, സംസ്ഥാന സാക്ഷരത മിഷൻ എന്നിവർ സംയുക്തമായി നടപ്പാക്കുന്ന 21.10.2014 ലെ (സാധാ) 2735/2014 ത.സ്വ.ഭ.വ നം ഉത്തരവിലൂടെ അതുല്യം പദ്ധതിയും സർക്കാർ നടപ്പിലാക്കുന്നുണ്ട്. ആയതിനു സമാന്തരമായിട്ടാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനത്തിന് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്.

2. 16.11.2013 ലെ (എം.എസ്) 362/2013/ത.സ്വ.ഭ.വ. ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ, ഖണ്ഡിക നം-4) പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമം പ്രകാരം അനുവദനീയമായ മേഖലയിൽ നിന്നും വ്യതിചലിച്ച് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കായി ചെലവഴിച്ച തുക 53,896/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-17 സ്വകാര്യ വ്യക്തികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വക കുടിവെള്ള പൈപ്പ് ലൈൻ.

പദ്ധതി പേര് നം - പൊത്തിറങ്കൽ മായത്ത് - ആരാമ്പ്രം പൈപ്പ് ലൈൻ നീട്ടൽ, 158/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 5,00,000/- (വികസന ഫണ്ട്)

ചെലവ് തുക – 5,00,000/- (ബിൽ നം. 19/15-16, 15.01.2016)

[ഡി.ഡി.നം.697136/ 18.01.2016]

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൊത്തിറങ്കൽ മായത്ത് - ആരാമ്പ്രം പ്രദേശത്തെ (മടവൂർ ഗ്രാമപഞ്ചായത്ത്) നിവാസികൾക്ക് കുടിവെള്ളം എത്തിക്കുന്നതിനാണ് മേൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ മെയിൻ പൈപ്പിൽ നിന്നും ലൈൻ നീട്ടി കുടിവെള്ളം ലഭ്യമാക്കുന്നതിനായി 5,00,000/- രൂപ ഡെപ്പോസിറ്റ് ചെയ്താണ് പ്രവൃത്തി നടത്തിയത്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ

ചുമതലയാണ് ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്, പദ്ധതികൾക്ക് സംവിധാനമേർപ്പെടുത്തുക എന്നത്. മേൽ നിയമം വകുപ്പ് 172 (1) പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തോടെ മാത്രമാണ് ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളൂ. എന്നാൽ മടവൂർ ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രമില്ലാതെയാണ് മേൽ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.

2. കേരള വാട്ടർ അതോറിറ്റി വെള്ളം വിതരണം നടത്തുന്ന മെയിൻ പൈപ്പിൽ നിന്നും (600 മീറ്റർ) മായത്ത് എന്ന പ്രദേശം വരെ ലൈൻ നീട്ടുന്ന പ്രവൃത്തിക്കാണ് തുക അനുവദിച്ചത്. പദ്ധതിക്കായി ഗ്രാമസഭ, ഗ്രാമപഞ്ചായത്ത് മുഖാന്തിരം ഗുണഭോക്താകളുടെ നിർദ്ദേശം/ശുപാർശ, എത്ര ഗുണഭോക്താക്കൾക്ക് വെള്ളം ലഭിക്കുമെന്ന പ്രാഥമിക പഠനം, പദ്ധതി മുഖാന്തിരം വെള്ളം ലഭ്യമായവരുടെ വിവരം എന്നിവ ഫയലിൽ ചേർത്തിട്ടില്ല. വെള്ളം വിതരണം ചെയ്യുന്നത് വാട്ടർ അതോറിറ്റി തന്നെയായതിനാൽ ഗുണഭോക്താക്കൾ ഉപയോഗിക്കുന്ന വെള്ളത്തിന് കരം അടവാക്കേണ്ടത് കേരള വാട്ടർ അതോറിറ്റിക്ക് തന്നെയാണ്.

പഞ്ചായത്ത് രാജ് നിയമം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും, മുൻഗണന നിർദ്ദേശിക്കുകയും ചെയ്യേണ്ടത് ഗ്രാമസഭകളുടെ ചുമതലകളിൽ പെടുന്നതാണ്. ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയുമാണ്. എന്നാൽ ആയതിനു പകരം ബ്ലോക്ക് പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് ഫണ്ട് വിനിയോഗിച്ചു. നിയമപ്രകാരം ചുമതലയിൽ പെടാത്ത ഇനത്തിന് തുക ചെലവഴിച്ചതിനടിസ്ഥാനമാക്കിയ അനുമതി/തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-18 വിപണനമേളയ്ക്ക് ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി അലവൻസ്.

പദ്ധതി പേര് നമ്പർ - എസ്.ജി.എസ്.വൈ. വിപണന മേള, 1/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 25,000/- (വികസന ഫണ്ട്)

ചെലവ് തുക – 25,000/- (ബിൽ നം. 11/15-16, 26.10.2015)

2015 ഓണം വിപണന മേളയുമായി ബന്ധപ്പെട്ട് സംരഭകർക്കും, സ്റ്റാൾ ഡ്യൂട്ടി ഉദ്യോഗസ്ഥർക്കും റിഫ്രഷ്

മെന്റ് ചാർജ്ജ്, യാത്രാബത്ത, കടത്തുകൂലി, താമസസൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനും മേളയുടെ മറ്റ് നടത്തിപ്പ് ചെലവുകൾക്ക് വേണ്ട സ്റ്റേഷനറി സാധനങ്ങൾ വാങ്ങിക്കുന്നതിനും വേണ്ടിയാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതിനായി വകയിരുത്തിയ തുകയിൽ താഴെ പറയുന്ന തരത്തിൽ ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | സ്റ്റേഷനറി | 2,100 |
| 2 | ബാനർ | 2,400 |
| 3 | കടത്തു കൂലി | 1,450 |
| 4 | ഡ്യൂട്ടി അലവൻസ് (23.08.2015) | 2,050 |
| 5 | ഡ്യൂട്ടി അലവൻസ് (24.08.2015, 25.08.2015, 26.08.2015) | 17,000 |
| | ആകെ | 25,000 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 180(1) പ്രകാരം പഞ്ചായത്തിലേക്ക് കൈമാറ്റപ്പെടുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരായിരിക്കുന്നതാണ്. പഞ്ചായത്തിനു വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും സർവ്വീസ് സംബന്ധമായ എല്ലാ കാര്യങ്ങൾക്കും സർക്കാർ ജീവനക്കാരായി കണക്കാക്കപ്പെടുന്നതും അവരുടെ സേവന വേതന വ്യവസ്ഥകൾ, അവർ സർക്കാർ സർവ്വീസിൽ തുടർന്നിരുന്നാലെന്നതു പോലെ തുടരുന്നതുമാണ്. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന പദ്ധതി ചുമതലകൾ പ്രസ്തുത ജീവനക്കാർ അവരുടെ സാധാരണ ചുമതലകൾക്ക് ഒപ്പം നിറവേറ്റേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾക്കു പുറമേ അവയ്ക്കു ഏൽപ്പിച്ചു കൊടുത്തിട്ടില്ലാത്ത സർക്കാർ - വകുപ്പുതല പദ്ധതികളുടേയും സ്കീമുകളുടെയും നിർവ്വഹണ ചുമതല കൂടി ഉദ്യോഗസ്ഥർ നിർവ്വഹിക്കണം. ഇതിനായി പ്രത്യേക അലവൻസ് നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. 1997ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം പഞ്ചായത്തിനു സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും ഡെപ്യൂട്ടേഷൻ അലവൻസ് ലഭിക്കുവാനും അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ മേൽ നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് സർക്കാർ വികസന ആവശ്യങ്ങൾക്കായി അനുവദിച്ച തുക ഉപയോഗിച്ച് പഞ്ചായത്ത് ജീവനക്കാർക്ക് ഡ്യൂട്ടി അലവൻസ് അനുവദിച്ചത്. ജീവനക്കാർക്ക് അർഹമായ യാത്രബത്ത, ദിനബത്ത തുടങ്ങിയവ ലഭിക്കുന്നതിന് എസ്റ്റാബ്ലിഷ് മെന്റ് മുഖേന തുക പിൻവലിക്കുന്നതിനു പകരം പദ്ധതി പണം വിനിയോഗിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ജീവനക്കാർക്ക് ഡ്യൂട്ടി അലവൻസ് ഇനത്തിൽ അനുവദിച്ച 19,050/- രൂപ

ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-19 മേഖല ചുമതലകൾ മറികടന്ന് അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ വാങ്ങി നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ, കൊടുവള്ളി

പ്രോജക്ട് പേര്, നമ്പർ - സ്മാർട്ട് അങ്കണവാടി, 171/ 15-16

അടങ്കൽ തുക, ഫണ്ട് തരം - 19,01,857/- , വികസന ഫണ്ട്

ചെലവ് തുക – 19,01,830/- [ബിൽ നം. 05/15-16, തീയ്യതി - 23.03.2016]

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ 2 അങ്കണവാടികൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകി അങ്കണവാടികളിലെ കുട്ടികളിൽ വിവര സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനും, കുമാരിമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനുമായിട്ടാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി 18കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ മേൽ വിവരിച്ച ബിൽ പ്രകാരം തുക പിൻവലിച്ച് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റെർപ്രൈസസ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | യൂണിറ്റ് വില | ആകെ യൂണിറ്റ് | വില |
|---|---|---|---|---|
| 1 | Acer Desk Top Computer, Intel Dual core processor, 2GB Ram, 500GB, Hold DVD RW, Keyboard, Mouse18.5, LED Monitor | 26190 | 18 | 4,71,420 |
| 2 | 5.1 creativespeaker | 4857 | 18 | 87,426 |
| 3 | Projector Fixing, celing mount electrical cabling, casing capping, speaker fixing | 14857 | 18 | 2,67,426 |
| 4 | Kids software for language learning & activities | 7429 | 18 | 1,33,722 |
| 5 | Pendrive (16GB) | 452 | 18 | 8,136 |
| 6 | Head Set | 174 | 18 | 3,132 |
| | | | | 9,71,262 |
| | Vat (5%) | | | 48563 |

| | | | | |
|---|---|---|---|---|
| | | | | 10,19,825 |
| 7 | U.P.S 600VA (15 to 20minutes back up) | 1747 | 18 | 31,446 |
| 8 | Desk Top Rack with Glass door and lock | 5677 | 18 | 1,02,186 |
| 9 | White board for Projection & Writing (6x4 size) | 4803 | 18 | 86,454 |
| 10 | Projector Dell 1220, 2700 lumenx, 2200:i contrast | 30568 | 18 | 5,50,224 |
| | | | | 7,70,310 |
| | Vat (14.5%) | | | 1,11,695 |
| | | | | 8,82,005 |
| | Grand Total 10,19,825 + 8,82,005 = 19,01,830/- | | | |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 172(1), പട്ടിക 4 (xi) പ്രകാരം ഐ.സി.ഡി.എസുകളുടെ നടത്തിപ്പാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച മേഖല ചുമതല. മേൽ നിയമം വകുപ്പ് 166(1), പട്ടിക 3 (xiii) പ്രകാരം അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ മേഖല ചുമതലയിൽ പെടുന്നതാണ്. 30.11.1996ലെ (പി)37/96/ സാ.ക്ഷേ.വ നമ്പർ ഉത്തരവിലൂടെ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് എന്നത് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അങ്കണവാടികളുടെ നടത്തിപ്പ് ഏറ്റെടുക്കേണ്ടതില്ല.
2. 08.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പു വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ പത്രങ്ങളിൽ പരസ്യം ചെയ്യാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുമാണ് സിഡ്കോയിൽ നിന്നു കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നേരിട്ട് വാങ്ങിയത്.
3. കേരള സ്റ്റോർ പർച്ചേസ് മാന്വവൽ (ഖ.9.22) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന

ഉൽപ്പനങ്ങൾ ആയത് ഉൽപ്പാദിപ്പിക്കുവാൻ ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാം. വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേയ്സ് ഓഫീസർ ഉറപ്പ് വരുത്തണം (ഖ.9.24). എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് കെ.എസ്.ഐ.ഇ.എല്ലിൽ നിന്നും സാധനങ്ങൾ വാങ്ങി നൽകിയത്. കെ.എസ്.ഐ.ഇ.എൽ. സമർപ്പിച്ച ഇൻവോയ്സ് പ്രകാരം ഏസർ കമ്പനിയുടെ കമ്പ്യൂട്ടർ, ഡെൽ കമ്പനിയുടെ പ്രൊജക്റ്റർ തുടങ്ങിയവയെല്ലാം പൊതുകമ്പോളത്തിൽ ലഭിക്കുന്നതാണ്. ആയതൊന്നും കെ.എസ്.ഐ.ഇ.എൽ. നിർമ്മിച്ചവയല്ല. ടെണ്ടർ നടപടികളിലൂടെ മേൽ സാധനങ്ങളുടെ കമ്പോള വില അറിയുവാൻ സാധിക്കുമായിരുന്നത് ഒഴിവാക്കി, സർക്കാർ ടെണ്ടർ ഇളവ് നൽകാത്ത ഇനങ്ങൾ വിതരണം നടത്തുന്ന കെ.എസ്.ഐ.ഇ.എൽ. ന് ടെണ്ടർ ഇളവ് നൽകി സാധനങ്ങൾ വാങ്ങിയത് നിയമ വിരുദ്ധമായ നടപടിയാണ്.

4. 16.01.2016 ലെ എ.ബി.2/703/2015/ത.സ്വ.ഭ.വ നം. സർക്കുലർ പ്രകാരം 10,00,000/- രൂപക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്ന കമ്പ്യൂട്ടറുകൾ, സെർവ്വർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്ന ഘട്ടത്തിൽ ഭരണവകുപ്പിന്റേയും, ഐ.റ്റി. വകുപ്പിന്റേയും അനുമതി തേടേണ്ടതും ഇതു സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട വകുപ്പുകളിൽ വാങ്ങേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള അനുമതിയും സാക്ഷ്യപത്രങ്ങളും വാങ്ങി നൽകിയിട്ടില്ല.

5. മേൽ വിവരിച്ച സർക്കുലർ പ്രകാരം പുതിയ കമ്പ്യൂട്ടർ സിസ്റ്റം വാങ്ങുമ്പോൾ അവ പ്രവർത്തിക്കുന്നതിനാവശ്യമായ ട്രെയിനിംഗ് ജീവനക്കാർക്ക് നൽകേണ്ടതാണ്. എന്നാൽ കമ്പ്യൂട്ടർ ഉപയോഗിച്ച് പ്രീ-സ്കൂൾ വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിൽ അങ്കണവാടികളിലെ ടീച്ചർമാർക്ക് പരിശീലനം നൽകിയതിന്റെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല

6. സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് അംഗീകരിച്ച പ്രീപ്രൈമറി വിദ്യാഭ്യാസം സിലബസ്സിൽ കമ്പ്യൂട്ടർ വിനിയോഗിച്ചുള്ള പഠനത്തിന് അംഗീകാരം നൽകിയിട്ടില്ല. സർക്കാർ അംഗീകരിച്ച പാഠ്യ വിഷയത്തിൽ നിന്ന് വ്യതിചലിച്ച് പുതിയ പഠനരീതികൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ട്. എന്നാൽ അപ്രകാരമുള്ള അംഗീകാരം ലഭ്യമാക്കാതെയാണ് അങ്കണവാടികളിൽ കമ്പ്യൂട്ടർ പഠനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

7. കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 11(1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.

മേൽ അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥക്ക് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.03/2015-16, തീയ്യതി. 21.02.2017) മറുപടി സമർപ്പിച്ചിട്ടില്ല.

സംസ്ഥാന സാമൂഹ്യനീതി വകുപ്പ് അംഗീകരിച്ച പ്രീപ്രൈമറി വിദ്യാഭ്യാസം സിലബസ്സിൽ കമ്പ്യൂട്ടർ വിനിയോഗിച്ചുള്ള പഠനത്തിന് അംഗീകാരം നൽകിയിട്ടില്ല. സർക്കാർ അംഗീകരിച്ച പാഠ്യ വിഷയത്തിൽ നിന്ന് വ്യതിചലിച്ച് പുതിയ പഠനരീതികൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ട്. എന്നാൽ അപ്രകാരമുള്ള അംഗീകാരം ലഭ്യമാക്കാതെയാണ് അങ്കണവാടികളിൽ കമ്പ്യൂട്ടർ പഠനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മേൽ വിവരങ്ങൾ കമ്മിറ്റിയെ ബോധ്യപ്പെടുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥയുടേതാണ്. ആയത് നിർവ്വഹിച്ചിട്ടില്ല. മേൽ വിവരം പദ്ധതിക്ക് അനുമതിയും അംഗീകാരവും നൽകിയ ജില്ല സാമൂഹ്യ നീതി വകുപ്പ് ഓഫീസറും പരിശോധിച്ചില്ല. അങ്കണവാടികളിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് പ്രീസ്കൂൾ വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിൽ ടീച്ചർമാർക്ക് പരിശീലനം നൽകിയിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.

16.11.2013ലെ(എം.എസ്)362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പ്രീസ്കൂൾ വിദ്യാഭ്യാസ ചുമതല നിലവിലും സാമൂഹ്യനീതി വകുപ്പിൽ അധിഷ്ഠിതമാണ്. ആയതിൽ കമ്പ്യൂട്ടർ പഠനം സർക്കാർ നിർദ്ദേശിച്ചിട്ടില്ല. സർക്കാരിന്റെ അനുമതി ലഭ്യമാക്കാതെ നടപ്പാക്കിയ പദ്ധതി ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ജില്ല സാമൂഹ്യ നീതി ഓഫീസറിൽ തുല്യമായി ഈടാക്കേണ്ടതാണ്.

## **3-20** നിയമ വ്യവസ്ഥകൾ പാലിക്കാതെ സാമൂഹ്യക്ഷേമ മേഖലയിൽ പദ്ധതി നടപ്പാക്കി.

പദ്ധതി പേര്, നമ്പർ - മെറിഗോ റൗണ്ട് / ഊഞ്ഞാൽ, 102/15-16

അടങ്കൽ തുക – 7,00,000/- (വികസന ഫണ്ട്)

ചെലവ് തുക – 6,99,984/- (ബിൽ നം - 2/15-16, 21.10.2015)

നിർവ്വഹണം - സി.ഡി.പി.ഒ, കൊടുവള്ളി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ 23 അങ്കണവാടികളിൽ മെറിഗോ റൗണ്ട് / ഊഞ്ഞാൽ വാങ്ങി നൽകുന്നതിനായിട്ടാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി മേൽ വിവരിച്ച ബിൽ പ്രകാരം തുക പിൻവലിച്ച് സിഡ്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും

മെറിഗോ റൗണ്ട് വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | യൂണിറ്റ് വില | എണ്ണം | ആകെ വില |
|---|---|---|---|
| Mery Go Round – 4 Seat with Angle Iron Gi pipe | 26,580 | 23 | 6,11,340 |
| Vat ( 14.5%) | | | 88,644 |
| ആകെ | | | 6,99,984 |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 172(1), പട്ടിക 4 (xi) പ്രകാരം ഐ.സി.ഡി.എസുകളുടെ നടത്തിപ്പാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച മേഖല ചുമതല. മേൽ നിയമം വകുപ്പ് 166(1), പട്ടിക 3 (xiii) പ്രകാരം അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ മേഖല ചുമതലയിൽ പെടുന്നതാണ്. 16.11.2013ലെ(എം.എസ്)362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക.4 പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ നിയമത്തിലെ വ്യവസ്ഥകൾ, ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപെടുന്ന പദ്ധതി നടപ്പാക്കിയത്.
2. 08.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പ് വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ പത്രങ്ങളിൽ പരസ്യം ചെയ്യാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുമാണ് സിഡ്കോയിൽ നിന്നും മെറിഗോ റൗണ്ട് നേരിട്ട് വാങ്ങിയത്.

ബ്ലോക്ക് പഞ്ചായത്തിന്റെ മേഖല ചുമതലകളിൽ ഇല്ലാത്ത ഇനങ്ങൾക്ക് പദ്ധതി വിഹിതം വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ല. ചെലവഴിച്ച തുക പദ്ധതി നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥയിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-21 ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിച്ചില്ല.

പദ്ധതി പേര്, നമ്പർ - വികലാംഗർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ അനുവദിക്കൽ, 103/16

നിർവ്വഹണം - സി.ഡി.പി.ഒ, കൊടുവള്ളി

അടങ്കൽ തുക – 7,00,000/- (വികസന ഫണ്ട്)

ചെലവ് - 7,00,000/-[ബിൽ നം, തീയ്യതി-01/15-16, 21.10.2015 ]

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലുകൾ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനായി 2015 ജൂലായ് 7 ന് മാതൃഭൂമി ദിനപത്രത്തിൽ പരസ്യം നൽകി അപേക്ഷ ക്ഷണിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 10 പേരെ തെരഞ്ഞെടുത്ത് മഹീന്ദ്ര കമ്പനിയുടെ റോഡിയോ 125സി.സി. എന്ന മോഡൽ സ്കൂട്ടർ കെൽട്രോണിൽ നിന്നും വാങ്ങി നൽകി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മഹീന്ദ്ര റോഡിയോ 4 സ്ട്രോക്ക്, 125 സി.സി (60,000 x 10) | 6,00,000 |
| വാറ്റ് (14.5%) | 87,000 |
| താൽകാലിക രജിസ്ട്രേഷൻ, ഹാൻഡലിംഗ്, ഫ്രൈറ്റൻ ചാർജ്ജുകൾ | 13,000 |
| | 7,00,000 |

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണത്തിലെ ഒരു പ്രധാന രേഖയാണ് ഗുണഭോക്താക്കളുടെ സമ്പൂർണ്ണമായ അന്തിമ ലിസ്റ്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ, 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ മാർഗ്ഗരേഖകൾ പ്രകാരം ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യത്തിൽ ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക, ഗ്രാമസഭ, പഞ്ചായത്ത് ഭരണസമിതി എന്നിവർ കൈകൊണ്ട

തീരുമാനങ്ങളുടെ പകർപ്പ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുകയും, പ്രസ്തുത സ്ഥാപനങ്ങൾ മേൽ ലിസ്റ്റുകളിൽ ആക്ഷേപം ഉണ്ടെങ്കിൽ അവ ബോധിപ്പിക്കുന്നതിന് കരട് രൂപത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ തീർപ്പാക്കിയിട്ട് വേണം ലിസ്റ്റ് അന്തിമമാക്കുവാൻ. എന്നാൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ മേൽ നിയമ വ്യവസ്ഥകൾ പാലിച്ചല്ല ലിസ്റ്റ് അന്തിമമാക്കിയത്.

- 8.11.2010 ലെ (പി)259/2010/ ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് ഖണ്ഡിക 3.2പ്രകാരം (ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ)1,00,000/- രൂപ മതിപ്പ് വില വരുന്ന ഇനങ്ങൾക്ക് ദേശീയ തലത്തിൽ വ്യാപകമായ ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ ദേശീയ തലത്തിൽ ശ്രദ്ധിക്കപെടുന്ന തരത്തിലുള്ള പരസ്യ പ്രചരണം നടത്തിയില്ല.

- സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ ഉപകരണങ്ങൾ കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ALMCI), വികലാംഗ കോർപ്പറേഷൻ, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. ALMCI യുടെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം ഭിന്നശേഷിയുള്ളവർക്ക് അവരുടെ ആവശ്യത്തിനിണങ്ങുന്ന തരത്തിലുള്ള മുചക്രങ്ങൾ (യന്ത്രവൽക്കരിച്ചതുൾപ്പെടെ) ആവശ്യപ്പെടുന്ന സ്ഥലത്ത് എത്തിച്ചു തരും എന്ന് അവകാശപ്പെടുന്നുണ്ട്. എന്നാൽ മേൽ രീതിയിലുള്ള പ്രാഥമിക വിവരശേഖരണം നിർവഹണ ഉദ്യോഗസ്ഥൻ നടത്തിയിട്ടില്ല.

- സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 5-4പ്രകാരം ഓരോ ഗുണഭോക്താക്കൾക്കാവശ്യമായ ഉപകരണത്തിന്റെ പേരും, സ്പെസിഫിക്കേഷനും, മതിപ്പുവിലയും നിശ്ചയിച്ചശേഷമേ പദ്ധതി തയ്യാറാക്കാവൂ. ഉപകരണങ്ങൾ പരിശോധന നടത്തി നിർണ്ണയിക്കേണ്ടത് സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർമാർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്റ്റോമെട്രിസ്റ്റ് എന്നീ വിദഗ്ദരടങ്ങുന്ന സംഘമാണ്. ഇതിനായി ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് തലത്തിൽ ഉപകരണ ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തണം. എന്നാൽ ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിനും മേൽ പറഞ്ഞ വിദഗ്ദരുടെ സേവനം ഉപയോഗിച്ചതിന്റെയും വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ പഞ്ചായത്തുകളിൽ നിന്നോ, മറ്റ് ഏജൻസികളിൽ നിന്നോ ഉപകരണങ്ങൾ ലഭ്യമായവർക്കുതന്നെ വീണ്ടും അതേ ഉപകരണം നൽകപ്പെടാതിരിക്കാൻ, ഉപകരണ നിർണ്ണയ ക്യാമ്പിൽ വെച്ച് വിവരശേഖരണം നടത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരത്തിൽ വിവരശേഖരണം നടത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

- കേരള സ്റ്റോർ പർച്ചേസ് മാന്വവൽ (ഖ.9.22) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപ്പനങ്ങൾ, ഉൽപ്പാദനം ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാം. വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേയ്സ് ഓഫീസർ ഉറപ്പ് വരുത്തണം (ഖ.9.24). എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് കെൽട്രോണിൽ നിന്നും മഹീന്ദ്ര കമ്പനി ഉൽപാദിപ്പിച്ച് വിപണനം നടത്തുന്ന സ്കൂട്ടറുകൾ വാങ്ങി നൽകിയത്. ടെണ്ടർ നടപടികളിലൂടെ ഇന്ത്യയിലെ വിവിധ കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന സ്കൂട്ടറുകളുടെ കമ്പോള വില അറിയുവാൻ സാധിക്കുമായിരുന്നത് ഒഴിവാക്കി വാങ്ങിയത് നിയമ വിരുദ്ധമായ നടപടിയാണ്.
- 1988 ലെ കേരള മോട്ടോർ വാഹന നിയമം, വകുപ്പ് 3 പ്രകാരം ഏതു വ്യക്തിയും പൊതു നിരത്തിൽ വാഹനം ഓടിക്കുന്നതിന് (18 വയസ്സ് കഴിഞ്ഞവർ) മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരമുള്ള ലൈസൻസ് വേണം. വൃദ്ധർക്കും, ഭിന്നശേഷിയുള്ളവർക്കും ആയതിന് ഇളവ് നൽകിയിട്ടില്ല. എന്നാൽ വാഹനങ്ങൾ ലഭിച്ച 5 ഗുണഭോക്താക്കൾക്ക് പ്രസ്തുത രീതിയിലുള്ള ലൈസൻസ് ലഭിച്ചിട്ടുണ്ടോ എന്നുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-22 പദ്ധതി ഭേദഗതി ചെയ്യുള്ള ഭരണസമിതി തീരുമാനം നടപ്പാക്കിയില്ല.

പദ്ധതി പേര്, നമ്പർ - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, 109/16.

നിർവ്വഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ, ഓമശ്ശേരി.

അടങ്കൽ തുക – 10,87,500/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക – 10,87,500/-[ബിൽ നം.1/15-16, 02.02.2016 (5,50,000), 3/15-16, 09.03.2016 (2,87,500), 5/15-16, 20.03.2016 (2,50,000)]

ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ വസിക്കുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനായി 7 ഗ്രാമപഞ്ചായത്തുകൾക്കും, കൊടുവള്ളി നഗരസഭക്കും (31.10.2015 വരെ ഗ്രാമപഞ്ചായത്ത്) മേൽ വിവരിച്ച രീതിയിൽ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. (കൊടുവള്ളി നഗരസഭക്ക് നൽകിയ തുക 2,50,000/- രൂപ, ബിൽ നം. 05/15-16)

05.01.2016 ലെ ഭരണസമിതി യോഗത്തിൽ പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനായി തീരുമാനിക്കുകയും (നം.48(1)/2015-16) മേൽ പദ്ധതിക്കായി വകയിരുത്തിയ 10,87,500/- രൂപ അടങ്കൽ കുറച്ച് 8,37,500/- രൂപയായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ആദ്യം വകയിരുത്തിയ തുക മാറ്റം

വരുത്താതെയാണ് ചെലവഴിച്ചിരിക്കുന്നത്.

1995 ലെ കേരള പഞ്ചായത്തുരാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ, ചട്ടം 29(2) പ്രകാരം ഒരു പഞ്ചായത്ത് പാസ്സാക്കിയ ഏതെങ്കിലും തീരുമാനം സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം, പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുവാൻ സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും അപ്രകാരമുള്ള ആവശ്യപ്പെടൽ പഞ്ചായത്തിന്റെ തൊട്ടടുത്ത യോഗത്തിൽ പരിഗണിച്ച ശേഷം പഞ്ചായത്ത് അതിന്റെ ആദ്യ തീരുമാനത്തിൽ തന്നെ ഉറച്ച നിൽക്കുകയാണെങ്കിൽ, വിവരം പ്രസിഡന്റിനെ അറിയിച്ചശേഷം തീരുമാനത്തിനായി സർക്കാരിന് റഫർ ചെയ്യേണ്ടതും, 15 ദിവസം വരെ സർക്കാരിന്റെ തീരുമാനം ലഭിക്കാതിരുന്നാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ നടത്തുകയോ, പദ്ധതി ഭേദഗതി ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുകയിൽ 2,50,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-23 <u>പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിച്ചില്ല.</u>

പദ്ധതി പേര്, നം - പട്ടികജാതി യുവതി/യുവാക്കൾക്ക് സൈന്യം അർദ്ധ സൈനിക വിഭാഗങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ്, 108/16

നിർവ്വഹണം - പട്ടിക ജാതി വികസന ഓഫീസർ, കൊടുവള്ളി

അടങ്കൽ തുക – 22,44,000/- (വികസന ഫണ്ട്, എസ്.സി.പി.)

ചെലവ് തുക - 9,43,500/- [ബിൽ നം, തീയ്യതി - 01/15-16, 23.09.2015 ( 4,99,305/-),
2/15-16 (61,695/-), 06/15-16, 14.12.2015 (3,82,500/-) ]

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ടതും ദാരിദ്ര്യ രേഖക്ക് താഴെയുള്ളതുമായ 132 യുവതീ/യുവാക്കൾക്ക് സൈന്യത്തിലേക്കും മറ്റും തെരഞ്ഞെടുക്കപ്പെടാൻ സഹായകമായ പരിശീലനം നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനായി കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററിനെ ചുമതലപ്പെടുത്തി പത്രത്തിൽ പരസ്യം നൽകി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളിൽ നിന്നും ലഭിച്ച അപേക്ഷകൾ അതാത് ഗ്രാമപഞ്ചായത്തുകളിലേക്ക് അയച്ചു കൊടുക്കുകയും ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കി തരുവാൻ ആവശ്യപ്പെട്ടു. ഇതിൽ നിന്നും 42 പേരെ തെരഞ്ഞെടുത്ത് കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററിലേക്ക് 2 മാസത്തെ പരിശീലനത്തിനായി അയച്ചു. ഒരു ഗുണഭോക്താവിന്റെ പരിശീലന ചെലവ് 18,000/- രൂപയാണ്. അതിൽ

1,000/- രൂപ ഗുണഭോക്തൃ വിഹിതം ഓരോരുത്തരും അടവാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണത്തിലെ ഒരു പ്രധാന രേഖയാണ് ഗുണഭോക്താക്കളുടെ സമ്പൂർണ്ണമായ അന്തിമ ലിസ്റ്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ടു നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ, 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ മാർഗ്ഗരേഖകൾ പ്രകാരം ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യത്തിൽ ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക, ഗ്രാമസഭ, പഞ്ചായത്ത് ഭരണസമിതി എന്നിവർ കൈകൊണ്ട തീരുമാനങ്ങളുടെ പകർപ്പ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുകയും, പ്രസ്തുത സ്ഥാപനങ്ങൾ മേൽ ലിസ്റ്റുകളിൽ ആക്ഷേപം ഉണ്ടെങ്കിൽ അവ ബോധിപ്പിക്കുന്നതിന് കരട് രൂപത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ തീർപ്പാക്കിയിട്ട് വേണം ലിസ്റ്റ് അന്തിമമാക്കുവാൻ. എന്നാൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ മേൽ നിയമ വ്യവസ്ഥകൾ പാലിച്ചല്ല ലിസ്റ്റ് അന്തിമമാക്കിയത്.
- പദ്ധതിയിലൂടെ 42 പേർക്കാണ് പരിശീലനം നൽകിയത്. ഇതിനായി 7,14,000/- രൂപ മാത്രം ചെലവഴിച്ചാൽ മതിയാകും. ആയതിനു പകരം 9,43,500/- രൂപ കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററിന് അനുവദിച്ചു. 2,29,500/- രൂപ അധികം നൽകി. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും മേൽ തുക തിരികെ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചില്ല. ഇപ്രകാരം ട്രെയിനിംഗ് സെന്ററിന് തുക അനുവദിച്ചത് വഴി സ്ഥാപനത്തിന് പലിശ രഹിത വായ്പ ലഭ്യമാക്കുകയാണ് ചെയ്തത്.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 9,43,500/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## **3-24** പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ , താലൂക്ക് ആശുപത്രി താമരശ്ശേരി

പ്രോജക്റ്റ് നമ്പർ : എസ്.ഓ. 18/15-16

അടങ്കൽ :5,00,000/- (വികസന ഫണ്ട്)

ചെലവ് തുക :500000/-

ഈ പദ്ധതിയിൽ പാലിയേറ്റീവ് രോഗികളെ വിനോദയാത്രയ്ക്ക് കൊണ്ടു പോകുന്നതിനും കുടനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനുമാണ് 500000 രൂപ ചെലവഴിച്ചത്. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ,തിയ്യതി, തുക | ചെലവ് വിശദാംശങ്ങൾ | തുക, റിമാർക്ക്സ് |
|---|---|---|
| 04/31-03-16<br>253181/- | ഗരുഡ ടൂർസ് @ ട്രാവൽസ് | 69625 |
| | കുടനിർമ്മാണ ഉപകരണങ്ങൾ | 103730 |
| | ഫോട്ടോ @ dvd charge | 8000-<br>ഫോട്ടോ ഫയലിൽ ഇല്ല. Dvd charge എന്തിനെന്ന് വ്യക്തമല്ല. |
| | ഫ്ലെക്സ് ,ബാനർ - 1350<br>ലൈറ്റ് @ സൗണ്ട്സ് - 3500 | ക്വട്ടേഷൻ ഇല്ല |
| | ഭക്ഷണ ചെലവ് | 64400 |
| | Aquafina drinks | 700 |
| | ഇന്ധനം | 750 |
| | Power needle | 126 |

| | | |
|---|---|---|
| | വാഹന വാടക | 15978 |
| | സ്റ്റേഷനറി | 51931 |
| | ഭക്ഷണ ചെലവ് | 27420 |
| 06/31-03-16 246819/- | പരിശീലന ചെലവ് | 17000 |
| | 2 അലമാരകൾ | 30228(ആർക്ക് വിതരണം ചെയ്തെന്ന് വ്യക്തമല്ല) |
| | ഇന്ധനം | 1000 |
| | കുടനിർമ്മാണ ഉപകരണങ്ങൾ | 103262 |

ജി.ഒ.(ആർ,ടി) 3217/2015/ത.സ്വ.ഭ.വ തിയതി: 29-10-15 നം പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം പ്രാഥമിക പാലിയേറ്റീന് പരിചരണ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്തുകൾ വഴി നടത്തപ്പെടുമ്പോൾ വിദഗ്ദപാലിയേറ്റീവ് പരിചരണങ്ങൾ അതായത് പാലിയേറ്റീവ് കെയർ ഡോക്ടർമാരുടെ കൺസൾട്ടേഷൻ, മോർഫിൻ അടക്കമുള്ള പാലിയേറ്റീവ് മരുന്നുകൾ,വിദഗ്ദ നഴ്സിങ്ങ് പരിചരണം, ബുദ്ധിമുട്ടുള്ള രോഗികൾക്ക് കിടത്തി ചികിത്സ എന്നിവ ബ്ലോക്ക പഞ്ചായത്തുകൾ നടപ്പിലാക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളൊന്നും ഏറ്റെടുക്കാതെയാണ് മേൽ കാണിച്ച രീതിയിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പാലിയേറ്റീവ് കെയർ രോഗികളിൽ ജീവനോപാധികൾ നൽകി പുനരധിവസിപ്പിക്കുന്നതിന് താൽപര്യമുള്ളവർക്കായി ഏകദിന ശില്പ ശാല സംഘടിപ്പിക്കാവുന്നതും അവർക്ക് അനുയോജ്യമായ സ്വയം തൊഴിലുകൾ പരിചയപ്പെടുത്താവുന്നതുമാണ് . ഇത്തരം ശില്പശാലകളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണ ചെലവിനത്തിൽ 60 രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ റിസോഴ്സ് പേഴ്സൺമാർക്കും മറ്റ് ചെലവുകൾക്കും വേണ്ടി ഒരു ശിൽപശാലയ്ക്ക് പരമാവധി 3000 രൂപയും ചെലവഴിക്കുന്നതിനാണ് അനുവാദമുള്ളത്. ഇവിടെ എത്ര രോഗികളാണ് പരിശീലനത്തിൽ പങ്കെടുത്തതെന്നും അവരുടെ പേര്

വിവരങ്ങളും അറ്റന്റൻസും ഇല്ല.

പദ്ധതിയിൽ വാങ്ങിയിട്ടുള്ള 2 അലമാരകൾ എന്ത് ആവശ്യത്തിനെന്നും ആർക്കാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (18/2015-16) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## **3-25** റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് ഫീൽഡ് ഡയറി അച്ചടിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ , സി.എച്ച്.സി കോടഞ്ചേരി

പ്രോജക്ട് നമ്പർ : എസ്.ഓ. 153/15-16

അടങ്കൽ :2,00,000/-

ചെലവ് തുക : 184337/-

ഈ പദ്ധതിയിൽ ബിൽ നമ്പർ 4/15-16 /12-01-16 പ്രകാരം പിൻവലിച്ച 58747 രൂപയിൽ 4400 രൂപ എച്ച് .ഐ. ഫീൽഡ് ഡയറി അച്ചടിക്കുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളത്. 40 ഡയറി New star offset press അരീക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് അച്ചടിച്ചത്.

1)ഇത്തരം ചെലവ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് വഹിക്കുന്നതിന് അനുവാദമില്ല.

2)കൂടാതെ ബുക്ക് അച്ചടിച്ച സ്ഥാപനം സമർപ്പിച്ച ബിൽ നിയമാനുസൃത രേഖപ്പെടുത്തലുകൾ ഉള്ളവയല്ല. (Form-8B)

3) അച്ചടിച്ച ഡയറികൾ ആർക്കാണ് നൽകിയതെന്ന് വ്യക്തമല്ല.

മേൽ കാരണങ്ങളാൽ ചെലവുതുക അംഗീകരിക്കുന്നില്ല.

## **3-26** സി.എച്ച്.സി ദൈനം ദിന പ്രവർത്തനം പിൻവലിച്ചതുക ആശുപത്രി വികസന ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, കൊടുവള്ളി

എസ്.ഓ. 106/15-16 നമ്പറിലുള്ള കൊടുവള്ളി സി.എച്ച്.സി ദൈനം ദിന പ്രവർത്തനം എന്ന പദ്ധതിയിൽ ചുവടെ കാണിച്ച പ്രകാരം 1,46,425/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്ന് പിൻ വലിച്ചിട്ടുണ്ട്.

| ബിൽ നമ്പർ,തിയ്യതി | തുക |
|---|---|
| 1/18-11-15 | 45463 |
| 02/25-02-16 | 75240 |
| 03/31-03-16 | 25722 |
| ആകെ | 1,46,425/- |

മേൽ തുകകൾ ആശുപത്രി വികസന ഫണ്ടിൽ നിന്ന് വിനിയോഗിക്കുകയും ബിൽ മാറിയ ശേഷം ടി അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത് . ആശുപത്രി വികസന സമിതിയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ (10610157524 SBI koduvally) ഒന്നാമത്തെ ബിൽ പ്രകാരം മാറിയ 45463/- രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (22/2015-16) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-27 ഭവന നിർമ്മാണങ്ങൾക്ക് സബ്സിഡി ലഭിച്ചവർ നിർമ്മാണം പൂർത്തീകരിക്കുന്നില്ല.

ഐ.എ.വൈ. പദ്ധതി മുഖേന മുൻവർഷങ്ങളിൽ ഭവന നിർമ്മാണങ്ങൾക്കായി ധനസഹായം കൈപ്പറ്റിയ താഴെപറയുന്ന ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ കരാർ വ്യവസ്ഥ പ്രകാരമുള്ള സമയകാലയളവ് പാലിച്ച് നിർമ്മാണം പൂർത്തീകരിച്ചില്ല.

| | ഗ്രാമപഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കോടഞ്ചേരി | 22 |
| 2 | മടവൂർ | 41 |
| 3 | താമരശ്ശേരി | 51 |
| 4 | ഓമശ്ശേരി | 32 |
| 5 | കിഴക്കോത്ത് | 34 |
| 6 | കൊടുവള്ളി (നിലവിൽ നഗരസഭ) | 27 |
| 7 | തിരുനമ്പാടി | 17 |
| 8 | കൂടരഞ്ഞി | 23 |

| | | |
|---|---|---|
| 9 | പുതുപ്പാടി | 34 |
| 10 | കട്ടിപ്പാറ | 72 |
| ആകെ | | 353 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന ഭവന പദ്ധതികളിൽ വീട് നിർമ്മിക്കുന്നതിന് സബ്സിഡിയായി തുക ലഭിക്കുന്ന ഗുണഭോക്താക്കൾ കൃത്യമായി നിർദ്ദേശിച്ച കാലയളവിൽ തന്നെ ഭവനനിർമ്മാണങ്ങൾ പൂർത്തിയാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തന്നെയാണ്. എന്നാൽ ആയതിനുള്ള നടപടികളോ, ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികളോ സ്വീകരിക്കാതെയിരുന്നത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായിട്ടാണ് വിലയിരുത്തുക. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭവനനിർമ്മാണങ്ങൾ പൂർത്തീകരിക്കുവാൻ വേണ്ട ജനകീയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-28** നിർവ്വഹണ ഉദ്യോഗസ്ഥരെ പൂർണ്ണമായും ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 181, 18.09.1995 ലെ സ.ഉ.(പി)189/95/ത.സ്വ.ഭ. എന്നിവ പ്രകാരം സർക്കാരിന്റെ വിവധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വ്യവസായ വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ തൻവർഷം പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്കോ, പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതികൾ നടപ്പാക്കുന്നതിന് വിമുഖതയുള്ള ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ നടപടികൾ പഞ്ചായത്ത് അധികൃതരും സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം പ്രകാരം കൈമാറ്റപ്പെടുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും കൈമാറ്റ കാലയളവിൽ അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിരിക്കുന്നതാണ്. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ പ്രസ്തുത ജീവനക്കാർ അവരുടെ സാധാരണ ചുമതലകൾക്ക് ഒപ്പം നിറവേറ്റേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾക്കു പുറമേ അവയ്ക്കു ഏൽപ്പിച്ചു കൊടുത്തിട്ടില്ലാത്ത സർക്കാർ - വകുപ്പുതല പദ്ധതികളുടേയും സ്കീമുകളുടെയും നിർവ്വഹണ ചുമതല കൂടി കൈമാറിയ ഉദ്യോഗസ്ഥർ നിർവ്വഹിക്കണം. കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട മേഖലയുമായിട്ടുള്ള പദ്ധതികൾ ചുമതലകൾ ഏൽപ്പിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-29** കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക – പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കി.

| വൗച്ചർ നം. | തീയ്യതി | തുക |
|---|---|---|
| 21500666 | 07.01.2016 | 8,095 |
| 21500843 | 27.01.2016 | 31,817 |

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് മുൻവർഷങ്ങളിൽ നടപ്പാക്കിയ 4കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്താക്കൾ അടവാക്കത്തതിനാൽ തുക ഈടാക്കുന്നതിനായി കെ.എസ്.ഇ.ബി. വിഭാഗത്തിന്റെ അപേക്ഷ പ്രകാരം താമരശ്ശേരി തഹസിൽദാർ (ആർ.ആർ) റവന്യൂ റിക്കവറി നടത്തുന്നതിനായി നോട്ടീസ് അയച്ചു. പ്രസ്തുത വിവരം ഡിമാന്റ് നോട്ടീസ് മുഖേന കെ.എസ്.ഇ.ബി. അധികൃതർ 2011 കാലയളവിൽ തന്നെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും ആയതിന് നടപടികൾ സ്വീകരിക്കുന്നതിൽ ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ സെക്രട്ടറിയും, തുടർന്ന് തസ്തിക വഹിച്ച സെക്രട്ടറിമാരും വീഴ്ച വരുത്തി. ആയതിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി. അധികൃതർ റവന്യൂ റിക്കവറി നടപടികളിലേക്ക് പോയത്.

31.05.2000 ലെ (ആർ.റ്റി) 2141/2000/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പരിപാലനത്തെപ്പറ്റി വ്യക്തമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും, തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾ തന്നെ ചെയ്യേണ്ടതുമാണ്. ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നതും നടപ്പാക്കിയിട്ടുള്ളതുമായ എല്ലാ കുടിവെള്ള പദ്ധതികൾക്കും പ്രത്യേക ഫയൽ സൂക്ഷിക്കേണ്ടതും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. 30.05.2009ലെ (സാധാ) നം.1275/2009/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം (ഖണ്ഡിക.നം.3-2,3.) തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ തുടർസംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ ഗ്രൂപ്പുകളുടെ ചുമതലയുമാണ് (വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവ). എന്നാൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കുടിശ്ശിക അടവാക്കിയത്.

ഗവ.സർക്കുലർ നം.674/കെ.2/07തസ്വഭവ തീയതി:25.02.2007 ലെ നിബന്ധനകൾ പാലിച്ചാണോ തുക

അടവാക്കിയത് എന്ന കാര്യത്തിൽ വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-30 പട്ടികവർഗ്ഗ കോളനികളിൽ സൌരോർജ്ജ റാന്തൽ സ്ഥാപിക്കുന്നതിന് അനർട്ടിൽ തുക നിക്ഷേപിച്ചെങ്കിലും പദ്ധതി നടപ്പാക്കിയില്ല.

ഫയൽ നം.TEOK/140/2013

നിർവ്വഹണ ഉദ്യോഗസ്ഥൻ - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ എസ്.റ്റി.കേളനികളിൽ സൌരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി 2013 ൽ രൂപീകരിച്ചത്. പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിൽ സമ്പൂർണ്ണ ഊർജ്ജ മിഷൻ പരിപാടി നടപ്പാക്കുന്ന അനർട്ട് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി 5,25,000/- രൂപ അനുവദിച്ചു (ഡി.ഡി.നം.77564, 24.03.2014). തുക അനുവദിച്ചെങ്കിലും ഓഡിറ്റ് കാലയളവ് വരേയും പദ്ധതി നടപ്പാക്കിയിട്ടില്ല. പദ്ധതി നിശ്ചയിച്ച സമയത്ത് നടപ്പാക്കാത്തതിനാൽ അടവാക്കിയ തുക തിരികെ ലഭ്യമാക്കുന്നതിനായി 29.09.2015 ലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തു [നം.32 (4)]. എന്നാൽ ഓഡിറ്റ് നടത്തിയ കാലയളവ് വരേയും മേൽ തുക അനർട്ടിൽ നിന്നും തിരിതെ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി.

- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1) പ്രകാരം നിരത്തുകളിൽ വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക ഗ്രാമപഞ്ചായത്തുകളുടെ മേഖലപരമായ ചുമതലയാണ്. ബ്ലോക്ക്പഞ്ചായത്തിന് നിയമപ്രകാരം അനുവദിച്ചു നൽകിയിട്ടില്ലാത്ത ചുമതലയിലെ പദ്ധതിയാണ് നടപ്പാക്കിയത്.
- 14.05.2007 ലെ (എം.എസ്) 128/2007/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ (പതിനൊന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതത് പ്രദേശത്തിന് അനുയോജ്യമായ തരത്തിൽ സമ്പൂർണ്ണ ഊർജ്ജ പദ്ധതികൾ അനർട്ടിന്റെയും, എനർജി മാനേജ്മെന്റ് സെന്ററിന്റെയും പരിപാടികളുമായി സംയോജിച്ച് വേണം നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ജനപങ്കാളിത്തം ഉറപ്പാക്കേണ്ടത്, സർവ്വേ മോണിട്ടറിംഗ്, ഗുണഭോക്തൃ പ്രദേശ നിർണ്ണയം തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾ നടത്തേണ്ടത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് ഊർജ്ജ പരിസ്ഥിതി കർമ്മസമിതികളാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാദേശികതലം മുതലുള്ള റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഊർജ്ജ ഉപകരണങ്ങളുടേയും സംവിധാനങ്ങളുടേയും പ്രതിഷ്ഠാപനം പ്രവർത്തനക്ഷമത വിലയിരുത്തൽ തുടങ്ങിയവ അനർട്ടിന്റെ ചുമതലയിൽപെടുന്നതാണ്. എന്നാൽ പദ്ധതി നടപ്പാക്കുന്നതിന്റെ

മുന്നോടിയായി ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പാക്കാതെയാണ് അനർട്ടിന് തുക അനുവദിച്ചത്. സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനായി പ്രദേശങ്ങൾ നിർണ്ണയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 19.05.2014 എന്നീ തീയതിയിൽ അനർട്ട് പ്രോഗ്രാം ഓഫീസർ, ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയെങ്കിലും പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. (കത്ത് നം.666/TO/Anert /2013)

- 1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം 6(3) പ്രകാരം പഞ്ചായത്തിലെ ഏതെങ്കിലും പണിയുടെ നിർവ്വഹണത്തിനോ, സാധനങ്ങൾ സംഭരിച്ച് കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ ഉള്ള സംഗതിയിൽ ആയിരം രൂപയിൽ കവിയുന്ന ചെലവ് വരുകയാണെങ്കിൽ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം, സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, ജോലി പൂർത്തികരിക്കേണ്ട തീയതി, സാധനങ്ങൾ ലഭ്യമാകേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. 13.03.2008 ലെ 69/2008/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷ മിഷൻ പദ്ധതി വിഹിതം അനർട്ടിൽ ഡപ്പോസിറ്റ് ചെയ്യുമ്പോൾ തദ്ദേശ ഭരണ സ്ഥാപനവും അനർട്ടും തയ്യാറാക്കേണ്ട കരാറിന്റെ മാതൃക സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ മേൽ വിവരിച്ച ചട്ടങ്ങളിലെ വ്യവസ്ഥകളോ, സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ കരാർ ചമയ്ക്കാതെയാണ് അനർട്ടിൽ തുക നിക്ഷേപിച്ചത്.

പദ്ധതി നടപ്പാക്കുന്നതിന് അകാരണമായി കാലതാമസം വരുത്തിയതിനും, കരാർ ചമയ്ക്കാതെ തുക അനുവദിച്ചതിനും, തുക തിരികെ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതും അനർട്ടിൽ നിന്നും തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-31 നിർമ്മൽ പുരസ്കാര തുക വിനിയോഗിക്കാതെ മൂതനിക്ഷേപമായി സൂക്ഷിക്കുന്നു.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും, സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പുമായി സംയുക്തമായി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടി പ്രോൽസാഹിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പ് കാര്യക്ഷമവും മൽസരാധിഷ്ഠിതമാക്കുന്നതിനും വേണ്ടിയാണ് ത്രിതല പഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാർ നിർമ്മൽ ഗ്രാമപുരസ്കാർ അവാർഡ് ഏർപ്പെടുത്തി നൽകുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ വീടുകളിലും, സ്കൂളുകളിലും, അങ്കണവാടികളിലും

ശൗച്യാലയങ്ങൾ, പൊതു സ്ഥലങ്ങൾ വൃത്തിയായി കാത്തു സൂക്ഷിക്കൽ, ശുചിത്വരോഗ വിവരവിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ഖര-ദ്രവമാലിന്യ സംസ്കരണം തുടങ്ങിയ നടത്തുന്നതിനായിട്ടാണ് മേൽ തുക ഉപയോഗിക്കേണ്ടത്. ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുക ഗ്രമപഞ്ചായത്തുകൾ നടപ്പാക്കുന്ന ശുചിത്വ യജ്ഞം പദ്ധതികൾക്ക് സഹായകരമാകുന്ന തരത്തിൽ ലഭ്യമാക്കേണ്ടതും പദ്ധതി നടത്തിപ്പ് കൃത്യമായി മോണിറ്റർ ചെയ്യുകയാണ് വേണ്ടത്. എന്നാൽ 31.03.2010 ന ബ്ലോക്ക് പഞ്ചായത്തിനു ലഭിച്ച നിർമ്മൽ പുരസ്കാര 19,00,000/- രൂപയിൽ ഓഡിറ്റ് നടക്കുന്ന കാലയളവ് വരെയും 9,63,700/- രൂപ മാത്രമാണ് ചെലവഴിച്ചത്. 9,36,300/- രൂപ നിലവിലും ഉപയോഗിക്കുകയോ, പദ്ധതികൾക്കായി വകയിരുത്തുകയോ ചെയ്തിട്ടില്ല. ചെലവഴിച്ച തുകയാകട്ടെ നിർമ്മൽ പുരസ്കാര മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും.

ബ്ലോക്കിനു കൈമാറികിട്ടാത്ത 11 സ്കൂളുകൾക്കും, താമരശ്ശേരി താലൂക്ക് ആശുപത്രി, കൊടുവള്ളി സി.എച്ച്.സി എന്നിവടങ്ങളിലേക്ക് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായിട്ടാണ് തുക ഐ.ആർ.ടി.സി, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയത്. ഇതിൽ താമരശ്ശേരി താലൂക്ക് ആശുപത്രി, കൊടുവള്ളി സി.എച്ച്.സി എന്നിവിടങ്ങളിലെ ബയോഗ്യാസ് പ്ലാന്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മൽ പുരസ്കാര തുക സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വിനിയോഗിക്കേണ്ടതുമാണ്.

## 3-32 ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലം സർക്കാർ അനുമതിയില്ലാതെ ആഭ്യന്തര വകുപ്പിന് കൈമാറി.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും വിശദമാക്കിയിട്ടുണ്ട്. മേൽ വകുപ്പിലെ ഉപവകുപ്പ് (7), 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങളിലെ ചട്ടം 12 എന്നിവ പ്രകാരം സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയ ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യാനോ കയ്യൊഴിക്കാനോ പാടുള്ളതല്ലെന്ന് പരാമർശിച്ചിട്ടുണ്ട്. സർക്കാർ കൈമാറി നൽകിയ വസ്തുവകകൾ സ്വന്തമാവശ്യങ്ങൾക്കോ, കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കോ ഉപയോഗിക്കാമെന്നല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് സർക്കാർ അനുമതിയില്ലാതെ കൈമാറുവാൻ പാടുള്ളതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തിനു സർക്കാർ കൈമാറിയ സ്ഥലത്ത് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിനായി അനുവദിച്ചു നൽകി. സർക്കാർ അനുമതിയില്ലാതെ ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലം വിട്ടു നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥലം വിട്ടു നൽകിയതിന് സർക്കാരിന്റെ അംഗീകാരവും നേടേണ്ടതാണ്.

## 3-33 നിയമവിരുദ്ധമായി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ മറ്റൊരാളെ

6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും പഞ്ചായത്ത് ഭരണസമിതി സ്വയം തീരുമാനമെടുത്ത് ഓഫീസ് അറ്റന്റന്റ്, ക്ലാർക്ക് എന്നീ

തസ്തികകളിലും ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാരിന്റെ അനുമതിയില്ലാതെ അനധികൃത നിയമനങ്ങൾ നടത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് കാര്യാലയത്തിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമനാധികാരിയുടെ അംഗീകാരം ലഭ്യമാക്കാത്തപക്ഷം ഇതുമായി ബന്ധപ്പെട്ട ചെലവുകൾ ബാദ്ധ്യതയായി നിജപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 3-34 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 പ്രകാരം പഞ്ചായത്തിലെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽപെട്ടതാണ്. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ)

ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വിഭാഗമാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്4(2), 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് ( ജൂലായ് 31 നകം). എന്നാൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സി.എച്ച്.സി കളിൽ മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും എച്ച്.എം.സി. ആരംഭിച്ച വർഷം മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. എച്ച്.എം.സി.കളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ നടപടി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-35** <u>പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു.</u>

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ പദ്ധതികളുടെ പരസ്യം പത്രങ്ങളിൽ നല്കുന്നതിന് പണം ചെലഴിച്ചിട്ടുണ്ട് . ഇതിനായി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ പരിശോധിച്ചതിൽ പത്രപരസ്യത്തിന് അധിക നിരക്ക് നൽകിയിട്ടുണ്ട് . ജി.ഒ. (ആർടി.)1/11/ I & PRD/04-01-11 , ജി.ഒ.(ആർടി.)253/13/ I & PRD/11-06-13, ജി.ഒ.(ആർടി.)1/13/I&PRD/22-01-13 എന്നീ ഉത്തരവുകൾ പ്രകാരം ABC സർക്കുലേഷനിലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പരസ്യത്തിന്റെ ഉയരം സെന്റീമീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ പരസ്യത്തിന്റെ വീതിയും സെന്റീ മീറ്ററിലാണ് കാണിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പത്രം , തിയ്യതി | അനുവദിച്ച തുക |
|---|---|---|
| 1 | മലയാള മനോരമപത്രം 23-12-15 | 8 സെ.മീ.വീതി x5സെ.മീ. നീളം =40നിരക്ക് ബില്ലിൽ എഴുതിയിട്ടില്ല അനുവദിച്ചത്-7600 രൂപ |
| 2 | മലയാള മനോരമപത്രം | 8 സെ.മീ.വീതി x5സെ.മീ. നീളം =40നിരക്ക് ബില്ലിൽ എഴുതിയിട്ടില്ല അനുവദിച്ചത്-7600 |

| | | |
|---|---|---|
| | 18-09-15 | രൂപ |
| 3 | മലയാള<br>മനോരമപത്രം<br>27-11-15 | 8 സെ.മീ.വീതി x5സെ.മീ. നീളം<br>=40നിരക്ക് ബില്ലിൽ എഴുതിയിട്ടില്ല അനുവദിച്ചത്-7600 രൂപ |
| 4 | ചന്ദ്രിക പത്രം<br>27-11-15 | 8 സെ.മീ. വീതി x 6സെ .മീ. നീളം<br>=48x 75(നിരക്ക്)<br>=3600 രൂപ |
| 5 | ചന്ദ്രിക പത്രം<br>18-09-15 | 8 സെ.മീ. വീതി x 5സെ .മീ. നീളം<br>=40x 75(നിരക്ക്)<br>=3000 രൂപ |
| 6 | മലയാള<br>മനോരമപത്രം<br>06-02-16 | 8 സെ.മീ.വീതി x7സെ.മീ. നീളം<br>=56നിരക്ക് ബില്ലിൽ എഴുതിയിട്ടില്ല അനുവദിച്ചത്-10640 രൂപ |
| 7 | ചന്ദ്രിക പത്രം<br>23-12-15 | 8 സെ.മീ. വീതി x 6സെ .മീ. നീളം<br>=48x 75(നിരക്ക്)<br>=3600 രൂപ |
| 8 | ചന്ദ്രിക പത്രം<br>06-02-16 | 8 സെ.മീ. വീതി x7സെ .മീ. നീളം<br>=56x 75(നിരക്ക്)<br>=4200 രൂപ |
| 9 | ചന്ദ്രിക പത്രം<br>04-03-16 | 8 സെ.മീ. വീതി x7സെ .മീ. നീളം<br>= 56x 75(നിരക്ക്)<br>=4200 രൂപ |

| | | |
|---|---|---|
| 10 | മാതൃഭൂമിപത്രം<br>04-03-16 | 8 സെ.മീ. വീതി x5സെ .മീ. നീളം<br>= 40x 192(നിരക്ക്)<br>=7680 രൂപ |

നിബന്ധനകൾ പാലിക്കാതെ പരസ്യചാർജിനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (39/2015-16) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നം | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| കെ.ഡബ്ല്യൂ.എ | പൊന്നിങ്കൽ മേയത്ത് ആരാമ്പ്രം പൈപ്പ് ലൈൻ നീട്ടൽ | 500000 | തുക ചെലഴിച്ചിട്ടുണ്ട് |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | സർക്കാർ ഉത്തരവ് നം, തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ. (സാധാ) നം. 1102/2010 /ത.സ്വ.ഭ.വ, 27.03.2010 | | 2547778 | 500000 | | 2047778 |

ഓഡിറ്റ് വർഷത്തിൽ ഇ.എം.എസ്.ഭവന പദ്ധതിക്കായും, ഐ.എ.വൈ. ഭവന പദ്ധതിക്കായും

| |
|---|
| വിവിധ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പ തുകയുടെ അടവും, പലിശയും പദ്ധതി വിഹിതമുപയോഗിച്ച് അടവാക്കിയിട്ടുണ്ട്. എന്നാൽ മേൽ വിവരങ്ങൾ പ്രത്യേകമായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഫയലായി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഓഡിറ്റ് വേളയിൽ സെക്രട്ടറി സമർപ്പിച്ച സാക്ഷ്യപത്രത്തിൽ ബ്ലോക്ക്പഞ്ചായത്തിന് വായ്പ അടവ് ഇല്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3-18 | 2005-06 | 67(1) | നബാർഡ് റോഡ് - ഉത്തരവിന് വിരുദ്ധമായി മുൻകൂർ നൽകി |
| 2003-04 | 3-21 | 2005-06 | 67(2) | എസ്.ജി.ആർ.വൈ റോഡ്-അധിക ഭക്ഷ്യധാന്യം |
| 2003-04 | 3-25 | 2005-06 | 67(3) | ഗ്രാമസഭ മറികടന്ന് വ്യക്തിഗത ആനുകൂല്യം |
| 2003-04 | 3-11 | 2005-06 | 67(4) | പരമ്പരാഗത വ്യവസായ പ്രോൽസാഹന പദ്ധതി ലക്ഷ്യം കണ്ടില്ല. |
| 2003-04 | 3-30 | 2005-06 | 67(5) | ചുമതലയിൽപ്പെടാത്ത പദ്ധതിക്ക് ആനുകൂല്യം |
| 2003-04 | 3-06 | 2005-06 | 70(3)(4) | പരിശീലനം ലഭിച്ച ആളുകളുടെ എണ്ണം വ്യക്തമല്ല |
| 2003-04 | 3-07 | 2005-06 | 70(3)(4) | പരിശീലനം പൂർത്തിയാക്കിയതിന് രേഖയില്ല.<br>മോണിറ്ററിങ്ങ് റിപ്പോർട്ടില്ല. |
| 2003-04 | 3-08 | 2005-06 | 70(3)(4) | പരിശീലനം -അപാകത |
| 2003-04 | 3-28 | 2005-06 | 70(3)(4) | പരിശീലനം നൽകിയ സ്ഥാപനത്തിന് അഡ്വാൻസ് നൽകി-<br>പരിശീലനം നേടിയവർ ലൈസൻസ് എടുത്തില്ല. |

| | | | | |
|---|---|---|---|---|
| 2003-04 | 3-35 | 2005-06 | 70(3)(4)9 | എസ്.ജി.ആർ.വൈ -അപാകത |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,59,22,219 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 16,50,92,024 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52,71,330 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,04,05,548 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-3 | | 45000 | ശ്രീമതി.സുബൈദ.എ.പി, സി.ഡി.പി.ഒ, കൊടുവള്ളി |
| | | 36,800 | ശ്രീമതി.എസ്.സഫീല.ബീവി., സി.ഡി.പി.ഒ, ഓമശ്ശേരി |
| | | 31,519 | ശ്രീ.വിജയ പ്രസാദ്, പട്ടിക ജാതി വികസന ഓഫീസർ |
| 3-5 | | 8,53,384 | ശ്രീ.സാന്റോഷ് കുമാർ.എ.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | | 1,84,137 | ശ്രീ.സാന്റോഷ് കുമാർ.എ.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | 11,332 | ശ്രീ.എ.എം.മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-11 | | 1,16,814 | ശ്രീ.തോമസ്. കെ.മാത്യൂ.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 5,63,184 | ശ്രീ.സാന്റോഷ് കുമാർ.എ.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-15 | | 2,50,000 | ശ്രീ.നിബു.ടി.കുര്യൻ, സെക്രട്ടറി |
| 3-16 | | 26,948 | ശ്രീ.നിബു.ടി.കുര്യൻ, സെക്രട്ടറി |
| | | 26,948 | ശ്രീ.ഗീരീഷ് ചോലയിൽ,<br>വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് |
| 3-18 | | 19,050 | ശ്രീ.നിബു.ടി.കുര്യൻ, സെക്രട്ടറി |
| 3-19 | | 9,50,915 | ശ്രീമതി.സുബൈദ.എ.പി, സി.ഡി.പി.ഒ, കൊടുവള്ളി |
| | | 9,50,915 | ശ്രീമതി.ടി.പി.സാറാമ്മ,<br>ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കോഴിക്കോട് |
| 3-20 | | 3,49,992 | ശ്രീമതി.സുബൈദ.എ.പി, സി.ഡി.പി.ഒ, കൊടുവള്ളി |
| | | 3,49,992 | ശ്രീമതി.ടി.പി.സാറാമ്മ,<br>ജില്ല സാമൂഹ്യ നീതി ഓഫീസർ, കോഴിക്കോട് |
| 3-24 | | 2,50,000 | ശ്രീ.ഹരിദാസൻ.സി. മെഡിക്കൽ ഓഫീസർ, താമരശ്ശേരി |

| | | | |
|---|---|---|---|
| | | 2,50,000 | ശ്രീ.കേശവനുണ്ണി, മെഡിക്കൽ ഓഫീസർ, താമരശ്ശേരി |
| 3-25 | | 4,400 | ശ്രീമതി.ഹൈഫ മൊയ്തീൻ, മെഡിക്കൽ ഓഫീസർ, കോടഞ്ചേരി |
| | ആകെ | 52,71,330 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 146425 | ശ്രീ.സാമുവൽ റോബർട്ട് ഗഫത്ത്, മെഡിക്കൽ ഓഫീസർ കൊടുവള്ളി |
| | 200000 | ശ്രീ.ഹരിദാസൻ.സി. മെഡിക്കൽ ഓഫീസർ, താമരശ്ശേരി |
| | 14,73,199 | ശ്രീ.അബ്ദുൾ റഷീദ്.കെ.പി, മെഡിക്കൽ ഓഫീസർ താമരശ്ശേരി |
| | 1,84,337 | ശ്രീമതി.ഹൈഫ മൊയ്തീൻ, മെഡിക്കൽ ഓഫീസർ, കോടഞ്ചേരി |
| 3-8 | 9,12,636.5 | ശ്രീ.സന്തോഷ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 9,12,636.5 | ശ്രീ.മുഹമ്മദ് അഷറഫ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | 17,13,255 | ശ്രീ.സന്തോഷ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 17,13,255 | ശ്രീമതി.വി.ഡി.ജലജാമണി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-14 | 12,56,304 | ശ്രീ.നിബു.ടി.കുര്യൻ, സെക്രട്ടറി |
| 3-21 | 7,00,000 | ശ്രീമതി.സുബൈദ.എ.പി, സി.ഡി.പി.ഒ, കൊടുവള്ളി |
| 3-22 | 2,50,000 | ശ്രീമതി.എസ്.സഫീല.ബീവി., സി.ഡി.പി.ഒ, ഓമശ്ശേരി, |

| | | |
|---|---|---|
| | | ശ്രീ.നിബു.ടി.കുര്യൻ, സെക്രട്ടറി |
| 3-23 | 9,43,500 | ശ്രീ.വിജയ പ്രസാദ്, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 1,04,05,548 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.എം.മാധവൻ, അസി.എക്സി.എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | സൗപർണിക,നടുവണ്ണൂർ (പി.ഒ), കോഴിക്കോട്.673614 |
| ശ്രീമതി.സുബൈദ.എ.പി, സി.ഡി.പി.ഒ, കൊടുവള്ളി | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | ' ആനപ്പാറക്കൻ ' കുന്ദമംഗലം പി.ഒ. 673571 |
| ശ്രീമതി.എസ്.സഫീല.ബീവി. സി.ഡി.പി.ഒ, ഓമശ്ശേരി | സി.ഡി.പി.ഒ, മാടപ്പള്ളി, ചങ്ങനാശ്ശേരി, കോട്ടയം | തസ്നി മൻസിൽ, കരിക്കുഴി, പനവൂർ (പി.ഒ), നെടുമങ്ങാട്, തിരുവനന്തപുരം.695568 |

| | | |
|---|---|---|
| ശ്രീ.വിജയ പ്രസാദ്, എസ്.സി.ഡി.ഒ | എ.ഡി.ഡി.ഒ, കാസർഗോഡ് | കൊല്ലപ്പിള്ളിൻ, കേളകം, കണ്ണൂർ, 670674 |
| ശ്രീ.തോമസ്. കെ.മാത്യൂ. അസി.എക്സി. എഞ്ചിനീയർ | വിരമിച്ചു | കളത്തിനാൽ (ഹ), മലാപറമ്പ, കോഴിക്കോട് |
| ശ്രീ.സാന്റോഷ് കുമാർ.എ. അസി.എക്സി. എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | ആലയം, കോട്ടൂളി, കുതിരവട്ടം, കോഴിക്കോട് |
| ശ്രീ.നിബു.ടി.കുര്യൻ, സെക്രട്ടറി | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, ഒറ്റപ്പാലം | ഹൌസ് നം.33/5252/A2, വൃന്ദാവൻ കോളനിക്ക് എതിർ വശം, ചേവായൂർ, കോഴിക്കോട് 673017 |
| ശ്രീ.ഗീരീഷ്ചോലയിൽ, വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് | വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് | സുമൻസ് ചോലയിൽ, അനന്തായൂർ, വാഴക്കാട് (പി.ഒ) മലപ്പുറം ജില്ല |
| ശ്രീമതി.ടി.പി.സാറാമ്മ, ജില്ല സാമൂഹ്യ നീതി ഓഫീസർ, കോഴിക്കോട് | ജില്ല സാമൂഹ്യ നീതി ഓഫീസർ, കോഴിക്കോട് | മാളിയേക്കൽ ഹൗസ്, കാരന്തൂർ (പി.ഒ) കുന്ദമംഗലം, കോഴിക്കോട് |
| ശ്രീ.ഹരിദാസൻ.സി മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, ടി.ബി.സെന്റർ, | ചെറായി(വീട്), പെരുമ്പടപ്പ് (പി.ഒ.) |

| | | |
|---|---|---|
| താമരശ്ശേരി | മലപ്പുറം | മലപ്പുറം -679580. |
| ശ്രീ.കേശവനുണ്ണി,<br>മെഡിക്കൽ ഓഫീസർ,<br>താമരശ്ശേരി | മെഡിക്കൽ ഓഫീസർ,<br>താമരശ്ശേരി | പ്രണവം, ഓർക്കിഡ് ഹിൽ<br>(പി.ഒ), താമരശ്ശേരി ചുങ്കം<br>കോഴിക്കോട്. 673573 |
| ശ്രീമതി.ഹൈഫ മൊയ്തീൻ,<br>മെഡിക്കൽ ഓഫീസർ,<br>കോടഞ്ചേരി | മെഡിക്കൽ ഓഫീസർ,<br>കോടഞ്ചേരി | സാങ്റ്റം, കുതിരവട്ടം (പി.ഒ)<br>കോഴിക്കോട്.673016 |
| ശ്രീ.സാമുവൽ റോബർട്ട് ഗഫത്ത്,<br>മെഡിക്കൽ ഓഫീസർ<br>കൊടുവള്ളി | മെഡിക്കൽ ഓഫീസർ<br>കൊടുവള്ളി | ബ്ലൂമിംഗ്ട്ടൺ<br>സിവിൽ സ്റ്റേഷൻ (പി.ഒ),<br>കോഴിക്കോട് |
| ശ്രീ.അബ്ദുൾ റഷീദ്.കെ.പി,<br>മെഡിക്കൽ ഓഫീസർ<br>താമരശ്ശേരി | മെഡിക്കൽ ഓഫീസർ<br>താമരശ്ശേരി | നെസ്റ്റ്, താമരശ്ശേരി (പി.ഒ)<br>കോഴിക്കോട്.673573 |
| ശ്രീമതി.വി.ഡി.ജലജാമണി,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി.<br>കോഴിക്കോട് | സൗപർണ്ണിക (വീട്),<br>എച്ച്.എം.ടി.കോളനി,<br>കളമശ്ശേരി, എറണാകുളം |
| ശ്രീ.മുഹമ്മദ് അഷറഫ്,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ,<br>കോഴിക്കോട് ജില്ലാ<br>പഞ്ചായത്ത് | അരീക്കൽ (വീട്)<br>ചെലവൂർ (പി.ഒ.)<br>കോഴിക്കോട് 673571(പിൻ) |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 1995-96, 1996-97, 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(1) /14.12.12 | 06 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.എസ്.2-260/1/08.05.01 | 22 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.എസ്.1-308/03/07.02.04 | 18 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(2) /14.12.12 | 13 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(3) /14.12.12 | 13 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3-1545/09/22.05.10 | 18 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1) /19.06.13 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1) /19.06.13 | 11 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.7-1657/09(5) /14.06.13 | 11 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(4) /14.12.12 | 14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.7-1814/09/16.02.12 | 14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.7-489/13/01.06.13 | 15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.7-488/13/29.05.13 | 13 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.7-806/13/20.08.13 | 13 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.7-768/15/20.07.15 | 14 |

| | | |
|---|---|---|
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.7 | 32 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി.പി.7/441 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി.29-03-2017.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംഭിച്ചും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 2.1ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P7/441 /2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated. .03.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Koduvally Block Panchayath in Kozhikode District for the year ended on 31.03.2016 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Koduvally Block Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Joint Director
District Audit Office, Kozhikode.